പാരീഷ് ബുള്ളറ്റിൻ

# ഇടവക

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഡിസംബർ 2019



# സ്നേഹസ്മരണയ്ക്ക്



## ആന്റണി ജോസഫ് (തങ്കച്ചൻ)

**കരിങ്ങട, പുഴവാത്**

ജനനം: 19.08.1953 മരണം: 26.02.2017

"ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മടങ്ങും;
ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേക്ക്
തിരിച്ച് പോവുകയും ചെയ്യും"
(സഭാപ്രസംഗകൻ 12:7)



ഡിസംബർ 2019
ലക്കം 6
വാല്യം 6

*മാനേജിംഗ് എഡിറ്റർ:*
വെരി. റവ. ഫാ. കുര്യൻ പുത്തൻപുര
9447016151
*ചീഫ് എഡിറ്റർ:*
റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ
9544416627
*എക്സി. എഡിറ്റേഴ്സ്:*
റവ. ഫാ. മാത്യു മറ്റം
9847660057
റവ. ഫാ. ജോസഫ് പുരയ്ക്കൽ
9947224233
റവ. ഫാ. ജോസഫ് പള്ളിച്ചിറയിൽ
8547978174
*കൈക്കാരന്മാർ:*
കുര്യച്ചൻ ഒളശ്ശയിൽ
സി. വി. തോമസ് ചെറ്റക്കാട്
റ്റോജോ പടനിലം
*കമ്മറ്റിയംഗങ്ങൾ:*
ഡോ. ജെ. ജി. റേ
ഡോ. സോണി കണ്ടങ്കരി
ജോസ് കാട്ടടി
ജിജി തോമസ് പേരകശ്ശേരി
റ്റോജോ പടനിലം
*പാരിഷ് കൗൺസിൽ സെക്രട്ടറി:*
കൊച്ചുറാണി പനച്ചിക്കൽ

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

## പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിയുമ്പോൾ



എഡിറ്റോറിയൽ 01


വികാരിയച്ചന്റെ കത്ത് 04


കൂട് മതിലുകളില്ലാത്ത ഇടം 11


സഭയും പൗരോഹിത്യവും 14


വംശനാശ ഭീഷണി നേരിടുന്ന കേരള ക്രൈസ്തവർ 17


വിളിയുടെ വീഥിയിൽ ഒരു തിരിഞ്ഞുനോട്ടം 26


നിത്യപുരോഹിതനായ
ഈശോയുടെ
പൗരോഹിത്യത്തിൽ
പങ്കുകാരാകാൻ
നിയുക്തരായിരിക്കുന്ന
മ്ശംശാനമാർക്ക്
പ്രാർത്ഥനാശംസകൾ...
ഡീ. ജോസഫ്
കടവിൽ
28.12.2019
ഡീ. തോമസ്
കന്യേക്കോണിൽ
30.12.2019


60
കേരള സ്കൂൾ
കലോത്സവം
WINNER
60–ാമത്
കേരളാ സ്കൂൾ കലോത്സവം
ഹയർസെക്കണ്ടറി വിഭാഗം
മിമിക്രി കോമ്പറ്റീഷനിൽ
ഫസ്റ്റ് എ ഗ്രേഡ് കരസ്ഥമാക്കിയ
അഖിൽ റ്റി.എ.യ്ക്ക്
ഇടവക കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ.


ജൂബിലി മംഗളങ്ങൾ
പൗരോഹിത്യത്തിന്റെ
സുവർണ്ണജൂബിലി
ആഘോഷിക്കുന്ന
ബഹുമാനപ്പെട്ട
സേവ്യർ കണ്ടങ്കരി അച്ചന്
ആശംസകൾ...

# മാർ മാത്യു കാവുകാട്ടുപിതാവിന്റെ 50–ാം ചരമവാർഷികദിനാചരണം
















# ദൈവാനുഗ്രഹത്തിന്റെ
## നാല്പതുദിനങ്ങളിലൂടെ....







**എ.കെ.സി.സി. ചങ്ങനാശേരി ഫൊറോനാ സമിതി സംഘടിപ്പിച്ച വൈദിക സന്ന്യസ്ത അത്മായ സംഗമം**





# സ്നേഹസ്മരണയ്ക്ക്

11-ാം ചരമവാർഷികം 5-ാം ചരമവാർഷികം 1-ാം ചരമവാർഷികം







**തോമസ് ആന്റണി**
മരണം: 26.12.2008

**ത്രേസ്യാമ്മ ആന്റണി**
മരണം: 12.11.2014

**കെ.എ. തോമസ്**
മരണം: 16.12.2018

**കരിമറ്റം**

'ഞാൻ നല്ലവണ്ണം പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ഒരുദിവസം അത് എനിക്ക് സമ്മാനിക്കും".

# സ്മരണാഞ്ജലി





**മേരിക്കുട്ടി ജോസഫ്**
മരണം: 09.11.2012

**ജോസഫ് ആന്റണി**
മരണം: 09.12.2018

**വല്ലയിൽ**
വാഴപ്പള്ളി, ചങ്ങനാശേരി



# പാവനസ്മരണയ്ക്ക്



**ജോസഫ് തോമസ്**
**അപ്പച്ചൻ**

മരണം : 28.03.2000

**റോസമ്മ തോമസ്**

മരണം : 04.11.2010



## പേരകശ്ശേരി, മറ്റം
## ചങ്ങനാശ്ശേരി



Happy
WEDDINGS
by
JOYALUKKAS
MALL OF JOY
THE CELEBRATION MALL
Joyalukkas
World's favourite jeweller
വിപുലമായ വിവാഹാഭരണ ശ്രേണികൾ • ലൈറ്റ് വെയ്റ്റ് ആഭരണ ശ്രേണികൾ
സ്വർണ്ണവിലയുടെ 10% മാത്രം നൽകി കുറഞ്ഞ വിലയിൽ അഡ്വാൻസ് ബുക്ക് ചെയ്യാനുള്ള സൗകര്യം
Baker Junction Kottayam 0481- 2560600, SCS Junction Thiruvalla 0469-2601999

# കൃഷിക്കാരന്റെ മഞ്ഞൾപൊടി

**പച്ചിലയും ചാണകവും മാത്രം ഉപയോഗിച്ചുണ്ടാക്കിയ മഞ്ഞളും മഞ്ഞൾപൊടിയും സ്വന്തം മില്ലിൽ ഉല്പാദിപ്പിച്ച് ഓർഡർ അനുസരിച്ച് വീടുകളിൽ എത്തിക്കുന്നതാണ്.**

**പ്രഭാത ഉപയോഗത്തിന്**

1. കഫക്കെട്ടിന്, നാടൻ മുട്ട വാട്ടിയതിൽ ചേർത്ത് ഉപയോഗിക്കാം.
2. കാൻസർ രോഗം വരാതിരിക്കാൻ കറവപ്പാലിൽ ചേർത്തു കഴിക്കാം.
3. തേയില വെള്ളത്തിൽ ചേർത്തും ഉപയോഗിക്കാം.




## അട്ടപ്പാടി - സെഹിയോൻ തീർത്ഥാടനം

**നിങ്ങൾ ഉറങ്ങുമ്പോൾ... ഞങ്ങൾ സെഹിയോൻ മലയിൽ ദിവ്യബലിയിൽ**

ജപമാല സമർപ്പണത്തോടെ എല്ലാ മാസാദ്യ വ്യാഴാഴ്ച വൈകിട്ടും എല്ലാ വെള്ളിയാഴ്ച വൈകിട്ടും നാലുകോടി സെന്റ് തോമസ് ചർച്ചിൽ നിന്നും മുടക്കമില്ലാതെ പുറപ്പെടും.

**എല്ലാ ശനിയാഴ്ചയും സെഹിയോൻ മലയിൽ ദിവ്യബലി അച്ചനെ നേരിൽ കാണുവാനുള്ള സൗകര്യം**

**Call: 9633737887, 9656882267, Off. 9947025568**

# സ്നേഹസ്മരണയ്ക്ക്



## കെ.പി.അന്തോനിച്ചൻ

**കരിങ്ങട**

**ചങ്ങനാശ്ശേരി**

St Joseph Orphanage Press, Chry Tel: 0481 2410101

## മുഖമൊഴി



# പെനുവേൽ

## ഞാൻ കർത്താവിനെ കണ്ടു

**ഒരു** മല്പിടുത്തതിനുശേഷം യാക്കോബിന്റെ സ്നേഹശാഠ്യമിതായിരുന്നു. എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ ഞാൻ നിന്നെ വിടുകയില്ല. ‘‘ദൈവത്തെ ഞാൻ മുഖത്തോടുമുഖം കണ്ടു. എന്നിട്ടും ഞാൻ ജീവനോടെയിരിക്കുന്നല്ലോ എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിനു പെനുവേൽ എന്നു പേരിട്ടു’’ (ഉത്പ 32.30).

പഴയനിയമ ആദ്യപുസ്തകം തുടങ്ങി ദൈവസാന്നിധ്യം വിവിധ രീതിയിൽ, വിവിധ രൂപങ്ങളിൽ മനുഷ്യനോടൊപ്പമുണ്ടായിരുന്നു. ആദിമാതാപിതാക്കളോടൊപ്പം സായാഹ്നവേളകൾ പങ്കിട്ടുകൊണ്ട് അവരോടൊപ്പം നടന്നിരുന്ന ദൈവം, നോഹയ്ക്ക് മഴവില്ലഴകിൽ ദൃശ്യനായി. അതിഥിയായെത്തി അബ്രഹാമിന്റെ വിരുന്നു നുകർന്ന ദൈവം മോശയ്ക്ക് എരിയുന്ന മുൾപ്പടർപ്പിലും ഇസ്രായേൽ ജനതയ്ക്ക് മേഘത്തൂണിലും അഗ്നിസ്തംഭത്തിലും അനുഭവവേദ്യമായി.

പുതിയ നിയമത്തിൽ അവൻ ഇമ്മാനുവേലായി ദൈവം നമ്മോടുകൂടെ. ദൈവം മനുഷ്യനായി, നമ്മിലൊരുവനായി. ഇതാ ഞാൻ ദൈവത്തെ മുഖത്തോടുമുഖം കണ്ടിരിക്കുന്നു. പുതിയ നിയമത്തിന്റെ പെനുവേൽ അനുഭവം. വിണ്ണിന്റെ നാഥൻ മണ്ണിന്റെ മകനായി പിറന്ന ദിനം. ക്രിസ്തുമസ്. ക്രിസ്തുമസ് ആശംസകൾ എല്ലാവർക്കും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

കണക്കുകൂട്ടലുകളും കാഴ്ചപ്പാടുകളും സങ്കല്പങ്ങളുമൊക്കെ അല്പം ജാള്യപ്പെട്ടിരിക്കാം അവന്റെ ജനനത്തിൽ... രാജാവ് പിറക്കേണ്ടത് കൊട്ടാരത്തിലാണെന്നതിന് സംശയമൊന്നുമില്ല. അതുകൊണ്ടാവാം ജ്ഞാനികൾ കൊട്ടാരത്തിനുമുമ്പിൽ നക്ഷത്രത്തിനു നേരെ തെല്ലൊന്നു കണ്ണടച്ചതും. എന്നാൽ പുല്ക്കൂടിന്റെ വിശാലതയെയായിരുന്നു അവൻ ഇഷ്ടപ്പെട്ടതും തിരഞ്ഞെടുത്തതും. ദൈവപുത്രന്റെ ജനനം പുല്ക്കൂടിന്റെ സുഖസൗകര്യങ്ങളിലായിരുന്നു.

സത്രങ്ങൾ പലതും അവനുമുമ്പിൽ അടയ്ക്കപ്പെട്ടു. ഏറെ നൊമ്പരം നല്കുന്നുണ്ട് ആ ദൈവവചനം. ക്രിസ്തുവിനു നിഷേധിക്കപ്പെടുന്ന, നിഷേധിക്കപ്പെട്ട ഇടങ്ങളൊക്കെയും സത്രങ്ങളാണ്. സത്രങ്ങളുടെ എണ്ണം ഇന്ന് വർദ്ധിക്കുന്നുണ്ട്. വന്നവർ വലിയവരാണെന്നും വാതിൽ മുട്ടിയത് ദൈവമാണെന്നും തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ വാതിലുകൾ തുറക്കപ്പെട്ടേനേ, സ്വീകരണങ്ങളും സജ്ജീകരണങ്ങളും നിരന്നേനേ. അപ്പോൾ പ്രശ്നം തിരിച്ചറിവുകൾ നഷ്ടപ്പെടുന്നു എന്നതാണ്. തിരിച്ചറിവുകൾ നഷ്ടപ്പെടുമ്പോൾ ദൈവംപോലും അവഗണിക്കപ്പെടുന്നു. തിരിച്ചറിവുകൾ നഷ്ടമായിക്കൊണ്ടിരിക്കുന്നു ഇന്നത്തെ തലമുറയിൽ എന്നത് ഖേദകരമായ ഒരു യാഥാർത്ഥ്യവും...

ദൈവാന്വേഷകരായിരുന്നു അവർ, ജ്ഞാനികൾ. സ്വന്തം പ്രതീക്ഷകൾക്കപ്പുറത്തേക്ക് ചിന്തിക്കാൻ, വളരാൻ അല്പം മടിച്ചു അവർ. ഇല്ലെങ്കിൽ കൊട്ടാരത്തിന്റെ പടികൾ അവർ കയറേണ്ടിയിരുന്നില്ല. മനുഷ്യപ്രതീക്ഷകൾ പലതും നിശബ്ദമാകണം ദൈവപദ്ധതികൾക്ക് മുമ്പിൽ. പരിഹാസങ്ങൾക്കു നടുവിൽ നോഹ പെട്ടകം നിർമ്മിച്ചു, ഹൃദയം നുറുങ്ങുന്ന വേദനയിൽ ഏക സന്താനവുമായി അബ്രാഹം മലകയറി, അസ്വസ്ഥതകൾക്കു നടുവിലും ആശങ്കകൾക്കിടയിലും നസ്രത്തുകാരി മറിയം എന്ന പെൺകുട്ടി ദൈവതിരുമുമ്പിൽ ആമ്മേൻ പറഞ്ഞു. എന്റെ പ്രതീക്ഷകൾക്കും യുക്തികൾക്കുമൊപ്പമുള്ള സഞ്ചാരം എന്നെ കൊട്ടാരത്തിലെ എത്തിക്കൂ. ക്രിസ്തുവിനെതിരെ ചിന്തിക്കുന്ന, വധിക്കാൻ കണക്കുകൾ കൂട്ടുന്ന കൊട്ടാരത്തിൽ. എന്റെ നടപ്പാതകൾ ഇനി അവൻ തീരുമാനിക്കട്ടെ.

നഷ്ടങ്ങൾ അസ്വസ്ഥനാക്കിയവന്റെ പേരാണ് ഹേറോദേസ്. ചിലപ്പോഴൊക്കെ എനിക്കും ഇണങ്ങുന്നുണ്ട് ആ പേര്. ചില നഷ്ടങ്ങൾ എന്നെയും അസ്വസ്ഥനാക്കുന്നുണ്ട്. രക്ഷകന്റെ പിറവിയിൽ ഇരിപ്പിടങ്ങൾക്ക് ഇളക്കം തട്ടുമെന്നായപ്പോൾ അവന്റെ ചിന്തകൾ കഠിനമായി, അവൻ ക്രൂരനായി. ക്രിസ്തുവിനുവേണ്ടിയുള്ള ചില നഷ്ടങ്ങൾ

എന്തോ എനിക്കും ചില ദഹനക്കേടുകൾ സൃഷ്ടിക്കുന്നുണ്ട്.

പെനുവേൽ: എന്നെ കാണുന്ന ദൈവം എനിക്ക് ദൃശ്യനായി ഇതാ പുല്ക്കൂടിന്റെ നിസാരതയിൽ പുഞ്ചിരിതൂകി കിടക്കുന്നു.

നക്ഷത്രങ്ങൾ തെളിഞ്ഞുതുടങ്ങി...പുല്ക്കൂടുകളും ഒരുങ്ങിത്തുടങ്ങി...ഇനി അവനായുള്ള എന്റെ കാത്തിരിപ്പാണ്...ഹൃദയമൊരുക്കാത്ത എന്റെ പുല്ക്കൂട്ടിലേക്ക് അവൻ പിറന്നുവീഴുമോ എന്ന സംശയവും?

സ്നേഹപൂർവ്വം,

**വർഗീസച്ചൻ**



## മോൺ. സിറിയക് കണ്ടങ്കരി അവാർഡ്

**മോൺ. സിറിയക് കണ്ടങ്കരിയുടെ ചരമശതാബ്ദിയുടെ ഭാഗമായി**
**സാമൂഹികക്ഷേമ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ**
**മികവു തെളിയിച്ച ചങ്ങനാശേരി അതിരൂപതാ അതിർത്തിയിൽ**
**പ്രവർത്തിക്കുന്ന ക്രൈസ്തവ സ്ഥാപനങ്ങളെ**
**അവാർഡിനായി പരിഗണിക്കുന്നു.**

**അവാർഡ്:**
**25,000 രൂപയും പ്രശംസാഫലകവും**

**നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ**
**സംക്ഷിപ്ത റിപ്പോർട്ട് സഹിതം 2020 ജനുവരി 10 നുമുമ്പായി**
**കത്തീഡ്രൽ വികാരിയച്ചന്റെ പേരിൽ അപേക്ഷ സമർപ്പിക്കുക.**
**2020 ജനുവരി 19 ഞായർ ഇടവകദിനത്തിൽ അവാർഡ് നൽകുന്നതാണ്.**



# വികാരിയച്ചന്റെ കത്ത്

ഈശോയിൽ പ്രിയപ്പെട്ടവരേ,

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും എല്ലാവിധ ആശംസകളും നേരുന്നു. ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 50-ാം ചരമവാർഷികം സമുചിതമായി ആചരിച്ചു. അതോടനുബന്ധിച്ചു നടത്തിയ കാവുകാട്ട് സിമ്പോസിയം വളരെ ഫലപ്രദമായിരുന്നു. പിതാവിന്റെ ജീവിതത്തെ വിവിധ തലങ്ങളിൽ നിന്ന് മനസിലാക്കാൻ സാധിച്ചു. വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തിയ കബറിടത്തിലേക്കുള്ള തീർത്ഥാടനത്തിൽ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വളരെ തീർത്ഥാടകർ പങ്കെടുത്തു. പിതാവിന്റെ സ്വന്തം ഇടവകയായ പ്രവിത്താനത്തുനിന്നും തീർത്ഥാടകർ വരികയുണ്ടായി. ജീവകാരുണ്യപ്രവർത്തകരുടെ സംഗമത്തിൽ അതിരൂപതയിൽ പ്രവർത്തിക്കുന്ന 65 ജീവകാരുണ്യപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നിൽക്കുന്നവർ പങ്കെടുത്തു. എല്ലാവരെയും മെമന്റോ നൽകി ആദരിച്ചു. അതിരൂപതയിലെ 16 ഫൊറോനകളിൽ നിന്നും പഠനത്തിൽ സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ 50 വിദ്യാർത്ഥികളെ 5000 രൂപയുടെ സ്കോളർഷിപ്പ് നൽകി ആദരിച്ചു. ചരമവാർഷികദിനമായ ഒക്ടോബർ 9ന് അഭിവന്ദ്യ മാർ ജോർജ് കോച്ചേരി പിതാവും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയുണ്ടായി. തുടർച്ചയായി അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ ആയിരക്കണക്കിന്



ആളുകൾ പങ്കെടുത്തു. തക്കല രൂപതയിൽ നിന്നും തീർത്ഥാടകർ വന്നു. പൊതിച്ചോർ വാങ്ങാൻ മുപ്പതിനായിരത്തിൽപരം ആളുകൾ വരികയുണ്ടായി. കാവുകാട്ടുപിതാവിന്റെ മദ്ധ്യസ്ഥതയാൽ വളരെ അനുഗ്രഹങ്ങൾ കിട്ടിയതായി പലരും സാക്ഷ്യപ്പെടുത്തി. മരിച്ച് 50 വർഷം കഴിഞ്ഞിട്ടും പിതാവിനെക്കുറിച്ച് മധുരിക്കുന്ന ഓർമ്മകളാണ് പലരുടെയും മനസ്സിൽ. നാമകരണനടപടികൾ വേഗം പൂർത്തിയാകാൻ നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

ഒക്ടോബർ 15ന് ആരംഭിച്ച കരുണാർത്ഥന പ്രാർത്ഥന നവംബർ 25 ന് സമാപിച്ചു. വിശുദ്ധ കുർബാന, വിശുദ്ധ കുർബാനയുടെ ആരാധന, 7 യാമപ്രാർത്ഥനകൾ, കരുണകൊന്ത, ജപമാല, കുരിശിന്റെ വഴി, മദ്ധ്യസ്ഥ പ്രാർത്ഥന, വചനവായന, മൗനപ്രാർത്ഥന തുടങ്ങിയവ രാപകൽ നടത്തുകയുണ്ടായി. ഓരോ ദിവസവും വൈകുന്നേരം 6:30 മുതൽ 9:30 വരെ വചനപ്രഘോഷണവും വിശുദ്ധ കുർബാനയും ആരാധനയും ഉണ്ടായിരുന്നു. കേരളത്തിലെ പ്രസിദ്ധരായ വചനപ്രഘോഷകരാണ് ഓരോ ദിവസവും വചനം പങ്കുവെച്ചത്. നമ്മുടെ രണ്ട് അഭിവന്ദ്യപിതാക്കന്മാരും പത്തനംതിട്ടയിലെ പിതാവും വചനം പങ്കുവയ്ക്കുകയുണ്ടായി. വലിയ ദൈവാനുഭവത്തിന്റെ ദിവസങ്ങളായിരുന്നു. ഇവിടെനിന്നും അടുത്ത ഇടവകകളിൽ നിന്നുമുള്ള അൽമായസഹോദരങ്ങളും ബ. സിസ്റ്റേഴ്സുമാണ് എല്ലാത്തിനും നേതൃത്വം നൽകിയത്. അവർക്കെല്ലാം നന്ദി.

> **ആഡംബരങ്ങളിലും ആർഭാടത്തിലും കഴിയുന്നവർക്കും, സാമ്പത്തിക ശക്തിയിലാശ്രയിച്ച് മുന്നേറുന്നവർക്കും, സാമ്പത്തിക ശക്തിയിലാശ്രയിച്ച് മുന്നേറുന്നവർക്കും ദൈവത്തിന്റെ ദൂത് ശ്രവിക്കാൻ സാധിക്കുകയില്ല.**

മംഗളവാർത്തകാലത്തിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ദൈവദൂതൻ മംഗളവാർത്ത നൽകിയ കാലഘട്ടത്തിൽ ഏറ്റവും അറിയപ്പെട്ടിരുന്ന സാമ്രാജ്യമാണ്, റോമാസാമ്രാജ്യം. അങ്ങോട്ടല്ല ദൈവം തന്റെ ദൂതനെ അയച്ചത്. മംഗളവാർത്ത പ്രഘോഷിക്കപ്പെട്ട സ്ഥലം തികച്ചും അപ്രസക്തമായ ഒരു ദേശമായിരുന്നു. നസ്രത്ത് എന്ന സ്ഥലത്തിന്റെ പേര് പാലസ്തീനായിലെ ഭൂപടത്തിലില്ലായിരുന്നു. നിശബ്ദതയും ലാളിത്യവും നിറഞ്ഞുനിന്ന നസ്രത്തിൽ മംഗളവാർത്ത പ്രഘോഷിക്കപ്പെട്ടു. ആഡംബരങ്ങളിലും ആർഭാടത്തിലും കഴിയുന്നവർക്കും, സാമ്പത്തിക ശക്തിയിലാശ്രയിച്ച് മുന്നേറുന്നവർക്കും,

സാമ്പത്തിക ശക്തിയിലാശ്രയിച്ച് മുന്നേറുന്നവർക്കും ദൈവത്തിന്റെ ദൂത് ശ്രവിക്കാൻ സാധിക്കുകയില്ല. നിസ്സാരരും വിനീതരുമായി നാം നിലകൊള്ളുമ്പോൾ ദൈവികരഹസ്യങ്ങളുടെ ചുരുളുകൾ നമുക്കായി അനാവരണം ചെയ്യപ്പെടും. വിനീതമായ ബേത്‌ലഹേമിൽ യേശു ജനിച്ചു. വിനീതരായ ആട്ടിടയന്മാർക്കാണ് ദിവ്യപൈതലിന്റെ ജന്മത്തെക്കുറിച്ചുള്ള ആദ്യസന്ദേശം ലഭിച്ചത്. ഈ ക്രിസ്തുമസ് കാലത്ത് നമുക്കും വിനീതരാകാം. ഹൃദയം തുറക്കാം. നിസ്സാരതയെ പുണരാം. അപ്പോൾ ദൈവം നമ്മോട് സംസാരിക്കും.

ചെറുതാകാനുള്ള പാഠം മനുഷ്യാവതാരം നമ്മെ പഠിപ്പിക്കുന്നു. സർവ്വവ്യാപിയായ ദൈവം ഒരു കന്യകയുടെ ഉദരത്തിലൊതുങ്ങി. 30 വർഷം രഹസ്യജീവിതത്തിലൊതുങ്ങി. ഒരു കല്ലറയിലൊതുങ്ങി, ഇന്നിതാ ഒരു ഗോതമ്പപ്പത്തിൽ ഒതുങ്ങുന്നു. ഭർത്താവിന്റെ മുമ്പിലൊതുങ്ങുന്ന ഭാര്യയായി, മാതാപിതാക്കളുടെ മുമ്പിലൊതുങ്ങുന്ന മക്കളായി, ഗുരുക്കന്മാരുടെ മുമ്പിലൊതുങ്ങുന്ന ശിഷ്യരായി നമ്മൾ മാറിയാൽ ഈ മനുഷ്യാവതാര മഹോത്സവത്തിന് അർത്ഥമുണ്ടാവും.



ഈ ക്രിസ്തുമസ് കാലത്ത് നമുക്കും വിനീതരാകാം. ഹൃദയം തുറക്കാം. നിസ്സാരതയെ പുണരാം. അപ്പോൾ ദൈവം നമ്മോട് സംസാരിക്കും.

യേശുവിന് പിറക്കാൻ സത്രത്തിൽ സ്ഥലം ലഭിച്ചില്ല. നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാൻ കർത്താവ് നിരന്തരം ആഗ്രഹിക്കുന്നുണ്ട്. പലപ്പോഴും കുട്ടിദൈവങ്ങളെ നാം അവിടെ കുടിയിരുത്തിയിരിക്കുകയാണ്. മണ്ണിന്റെ സ്വപ്നങ്ങളും, ജീവിതത്തിന്റെ മോഹങ്ങളും നമ്മുടെ ഹൃദയമാകുന്ന സത്രം നിറഞ്ഞുനിൽക്കുമ്പോൾ യേശുവിന് അവിടെ പിറക്കുവാൻ കഴിയില്ല. കർത്താവിന് പ്രീതികരമല്ലാത്ത വഴികളെ നമുക്കു വെടിയാം. ദൈവതിരുമുമ്പിൽ സ്വീകാര്യതയില്ലാത്ത ആലോചനകളെ ഉപേക്ഷിക്കാം. നന്മയുടെ മെത്തകൾ വിരിച്ച് പരസ്നേഹത്തിന്റെ മലരുകൾ വിതറി രക്ഷകനു ജനിക്കുവാനായി ഹൃദയസത്രങ്ങൾ തുറന്നിടാം.

നമ്മുടെ ക്രൈസ്തവസമൂഹം നേരിടുന്ന പല പ്രശ്നങ്ങളെക്കുറിച്ചും നമുക്ക് അവബോധമുള്ളവരായിരിക്കാം. നമ്മുടെ സമുദായത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് നമുക്ക് വേണ്ടത്ര അവബോധമില്ല.



2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ക്രൈസ്തവർ 18.30% മാത്രമാണ്. ഓരോ വർഷവും ക്രൈസ്തവരുടെ ജനനനിരക്ക് കുറഞ്ഞുവരികയാണ്. വന്ധ്യത ഉള്ളവരുടെ എണ്ണം കൂടിവരുന്നു. 30 വയസിനു മുകളിൽ പ്രായമായിട്ടും വിവാഹം കഴിക്കാൻ സാധിക്കാത്ത പുരുഷന്മാരുടെ എണ്ണം കൂടിവരുന്നു. സീറോമലബാർ സഭയിൽ തന്നെ ഇത് ഒരു ലക്ഷത്തോളം വരുമെന്ന് കണക്ക്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ ഈ അവസ്ഥ അത്രയധികമില്ല. സ്ത്രീകൾക്ക് വിദ്യാഭ്യാസയോഗ്യത ഉള്ളതുകൊണ്ട് ഉയർന്ന നിലവാരത്തിലുള്ള ബന്ധങ്ങളെക്കുറിച്ച് അവർ ചിന്തിക്കുന്നു. പുരുഷന്മാരുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്നതുകൊണ്ട് വിവാഹം പല കാരണങ്ങളാൽ നടക്കുന്നില്ല. കേരളത്തിൽ ഏറ്റവും അധികം തൊഴിലില്ലായ്മ നിലനിൽക്കുന്നത് ക്രൈസ്തവരുടെ ഇടയിലാണ് തൊഴിൽ ഉള്ളവരിൽ പലർക്കും വിദ്യാഭ്യാസത്തിന് അനുസൃതമായ തൊഴിൽ ലഭിക്കുന്നില്ല. ക്രൈസ്തവർ സർക്കാർ ജോലികളിൽനിന്ന് പുറന്തള്ളപ്പെടുന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം.

**ഭർത്താവിന്റെ മുമ്പിലൊതുങ്ങുന്ന ഭാര്യയായി, മാതാപിതാക്കളുടെ മുമ്പിലൊതുങ്ങുന്ന മക്കളായി, ഗുരുക്കന്മാരുടെ മുമ്പിലൊതുങ്ങുന്ന ശിഷ്യരായി നമ്മൾ മാറിയാൽ ഈ മനുഷ്യാവതാര മഹോത്സവത്തിന് അർത്ഥമുണ്ടാവും.**

ഏറ്റവുമധികം പ്രവാസിവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹമാണ് ക്രൈസ്തവരുടേത്. ക്രൈസ്തവ യുവജനങ്ങളിൽ ഏറിയപങ്കും കേരളത്തിനു പുറത്താണ് പാശ്ചാത്യരാജ്യങ്ങളിൽ കുടിയേറുന്നവർ അവിടെ സ്ഥിരതാമസമാക്കുന്നതിനാൽ അവരെയും അവരുടെ തലമുറകളേയും കേരള ക്രൈസ്തവസമൂഹത്തിന് നഷ്ടപ്പെടുന്നു. ഗൾഫ് രാജ്യത്തിലെ പ്രതിസന്ധികൾ മൂലം പലരും തൊഴിൽ സുരക്ഷിതത്വം ഇല്ലാതെ അരക്ഷിതാവസ്ഥയിൽ കഴിയുന്നവരാണ്. പലരും നിസ്സാര ശമ്പളത്തിന് അവിടെ ജോലി ചെയ്യുന്നു. കുടുംബത്തിൽ നിന്ന് അകന്നുനിൽക്കുന്നതിനാൽ ധാരാളം മാനസിക, വൈകാരിക പ്രശ്നങ്ങൾ അവർ നേരിടുന്നു. വൃദ്ധരായ മാതാപിതാക്കൾ പലപ്പോഴും തനിയെ താമസിക്കേണ്ടിവരുന്നു. നമ്മുടെ ഇടവകയിൽ പൂട്ടിയിട്ടിരിക്കുന്ന വീടുകൾ ധാരാളമാണ്.

കടബാധ്യതകൾ നമ്മുടെ സമുദായത്തെ വളരെയേറെ വിഷമത്തിലാക്കുന്നു. വിദ്യാഭ്യാസലോൺ എടുത്ത പലരും ജോലികൾ

**കർത്താവിന് പ്രീതികരമല്ലാത്ത വഴികളെ നമുക്കു വെടിയാം. ദൈവതിരുമുമ്പിൽ സ്വീകാര്യതയില്ലാത്ത ആലോചനകളെ ഉപേക്ഷിക്കാം. നന്മയുടെ മെത്തകൾ വിരിച്ച് പരസ്നേഹത്തിന്റെ മലരുകൾ വിതറി രക്ഷകനു ജനിക്കുവാനായി ഹൃദയസത്രങ്ങൾ തുറന്നിടാം.**

ലഭിക്കാത്തതുമൂലം അവ അടച്ചുതീർക്കാൻ കഷ്ടപ്പെടുകയാണ്. കാർഷികവായ്പ എടുത്തവരും വിദേശജോലികൾക്കായി ലോണെടുത്തവരും കഷ്ടപ്പെടുന്നു.

പഠനത്തിനും ജോലിക്കുമായി പല കുട്ടികളും കുടുംബത്തിൽനിന്ന് അകന്നുനിൽക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ ഇതര സമുദായത്തിൽപ്പെട്ടവരുമായി പ്രേമബന്ധത്തിലാവുകയും കുടുംബത്തേയും സഭയേയും ഉപേക്ഷിച്ചുപോകുന്ന പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇവരെ മനഃപൂർവ്വം കെണികളിൽപെടുത്താനുള്ള ശ്രമങ്ങളും പല തീവ്രപ്രസ്ഥാനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ഇവർ ക്രിസ്തുവിനെയും ക്രൈസ്തവ വിശ്വാസത്തെയുംകുറിച്ചുള്ള തെറ്റിദ്ധാരണകൾ പരത്തിക്കൊണ്ടാണ് പെൺകുട്ടികളെ തങ്ങളുടെ കെണിയിലേയ്ക്ക് ആകർഷിക്കുന്നത്. കുടുംബഭദ്രത തകർന്നുകൊണ്ടിരിക്കുന്നു. വ്യക്തിവൈകല്യങ്ങളും മാനസിക പ്രശ്നങ്ങളും മദ്യപാനവും, ദാമ്പത്യ അവിശ്വസ്തതയുമാണ് കുടുംബഭദ്രത തകരാൻ കാരണമാവുന്നത്. ജീവിതത്തെ പക്വതയോടെ നോക്കിക്കാണാനുള്ള ശേഷി ക്രൈസ്തവരുടെ തലമുറയിൽ കുറഞ്ഞുവരുന്നു. ക്രൈസ്തവസമുദായം പല കാര്യത്തിലും പിന്നോക്കം പോയിക്കൊണ്ടിരിക്കുന്നു. ഇതു പരിഹരിക്കണമെങ്കിൽ സമുദായത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാൻ നാം ശ്രമിക്കണം. സമുദായസ്നേഹം ഉണ്ടായെങ്കിലേ സമുദായത്തിനുവേണ്ടിയും അതിന്റെ അവകാശങ്ങൾക്കുവേണ്ടിയും നിലകൊള്ളാൻ നമുക്കു സാധിക്കൂ.

2020 ലേക്ക് നാം പ്രവേശിക്കുകയാണ്. ക്ലോക്കിന്റെ പെൻഡുലം അടുത്തതനുസരിച്ച് ഓരോ നിമിഷവും, നാം മരണത്തെ സമീപിക്കുകയാണ്. നൽകപ്പെട്ട സമയത്ത് ചെയ്യാവുന്ന നന്മകൾ ചെയ്തു മുന്നേറുക. അയച്ചവൻ വിളിക്കുന്ന നാഴിക വരെ വിശ്രമമില്ലാതെ നന്മ ചെയ്യാൻ ഈ നവവത്സരത്തിൽ നമുക്കു സാധിക്കണം. വലിയ കാര്യങ്ങൾ ചെയ്യാനായി കാത്തിരിക്കാതെ ചെയ്യുന്ന കാര്യങ്ങളെ വലുതായി കാണണം. ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങളെ മഹത്തായി കണ്ടു പ്രവർത്തിക്കുന്നവരാണല്ലോ മഹാത്മാക്കൾ. അടുക്കളയിൽ



വിശ്വസ്തതയോടും വിശുദ്ധിയോടും കൂടി പണിയെടുത്തവരും, കൃഷിയിടങ്ങളിൽ സ്വയം മറന്ന് പണിയെടുത്തവരും, ദാമ്പത്യജീവിതത്തിൽ ആത്മസമർപ്പണവും, വിശുദ്ധിയും കാത്തുസൂക്ഷിച്ചവരും വിശുദ്ധാത്മാക്കളായ പാരമ്പര്യമാണ് നമ്മുടെ സഭയുടേത്. നമ്മുടെ പരസ്യജീവിതത്തിലും, രഹസ്യജീവിതത്തിലും വിശുദ്ധിയുണ്ടായിരിക്കണം. അടുത്ത നവവത്സരത്തിൽ നമ്മൾ ജീവിച്ചിരിക്കുമോ എന്നുറപ്പില്ല. ദൈവം നമുക്കു നൽകിയ പുത്തൻവർഷത്തിൽ പുതിയ ചൈതന്യത്തോടെ നമുക്കു മുന്നേറാം. അവസരങ്ങൾ സത്യസന്ധമായി ഉപയോഗിച്ച് യേശുവിൽ വളരാൻ ശ്രമിക്കാം.

> “
> **വ്യക്തിവൈകല്യങ്ങളും മാനസിക പ്രശ്നങ്ങളും മദ്യപാനവും, ദാമ്പത്യ അവിശ്വസ്തതയുമാണ് കുടുംബഭദ്രത തകരാൻ കാരണമാവുന്നത്.**



ഈ വർഷം നമ്മുടെ ഇടവകയിൽനിന്ന് ഡീക്കൻ റ്റോം കന്യാക്കോണിൽ പൗരോഹിത്യപദവിലേയ്ക്ക് ഉയർത്തപ്പെടുന്നു. തിരുപ്പട്ടവും പുത്തൻകുർബാനയും ഡിസംബർ 30 രാവിലെ 9:30 ന് ആണ്. തിരുപ്പട്ടവും പുത്തൻകുർബാനയും ഇടവകജനം മുഴുവന്റേയും മേൽനോട്ടത്തിലാണ് നടക്കേണ്ടത്. അതിനാൽ അന്നത്തെ ശുശ്രൂഷയിൽ എല്ലാവരും പങ്കെടുക്കണം. പതിനൊന്നുവർഷത്തിനു ശേഷമാണ് നമ്മുടെ ഇടവകയിൽ പൗരോഹിത്യസ്വീകരണം നടക്കുന്നത്. അദ്ദേഹത്തിനുവേണ്ടിയും നമ്മുടെ ഇടവകയിൽ 3 മാസക്കാലം ശുശ്രൂഷ ചെയ്ത ഡീക്കൻ ജോസഫ് കടവിലിനു വേണ്ടിയും പ്രാർത്ഥിക്കണം.

ജനുവരി 6ന് ദനഹാതിരുനാൾ നാം കൊണ്ടാടുന്നു. ഈശോയാണ് നമ്മുടെ ജീവിതത്തിന്റെ പ്രകാശം. പിണ്ടികുത്തി, ദീപം തെളിച്ച് “ഹൽപയ്യാ’യെന്നു പറയുമ്പോൾ ദൈവം പ്രകാശമാണെന്നാണ് നാം പ്രഖ്യാപിക്കുന്നത്. പുതുവർഷത്തിൽ ഈ പ്രകാശം ജീവിതം മുഴുവൻ വ്യാപിക്കാനിടവരട്ടെ.



വലിയ കാര്യങ്ങൾ ചെയ്യാനായി കാത്തിരിക്കാതെ ചെയ്യുന്ന കാര്യങ്ങളെ വലുതായി കാണണം. ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങളെ മഹത്തായി കണ്ടു പ്രവർത്തിക്കുന്നവരാണല്ലോ മഹാത്മാക്കൾ.

വിശുദ്ധ സെബസ്ത്യാനോസിന്റെ മകരംതിരുനാളിന് ജനുവരി 15ന് കൊടിയേറ്റമായി. ഫെബ്രുവരി 2 വരെ ദീർഘിക്കുന്ന തിരുനാൾകർമ്മങ്ങളും അനുബന്ധ പരിപാടികളും അനുഗ്രഹപ്രദമായി നടക്കാൻ എല്ലാവരും പ്രാർത്ഥിക്കണം. തിരുനാൾദിനങ്ങൾ സന്തോഷത്തിന്റെ ദിനങ്ങളാണ്. തിരുനാളോടുകൂടിയാണല്ലോ നമുക്ക് പുതുവർഷത്തിന്റെ ആദ്യമാസം കടന്നുപോകുന്നത്. എങ്കിൽ വർഷം മുഴുവൻ നിലനിൽക്കേണ്ട ആത്മീയ ദർശനം തിരുനാളാചരണത്തിൽ പൂവണിയണം. ദൈവം നൽകിയ വലിയ നന്മകൾക്കു നന്ദി പറയാനാണല്ലോ തിരുനാൾ ആചരിക്കുന്നത്. രണ്ടാമത്തെ ഉദ്ദേശം ദൈവജനം ഒന്നായി വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നു എന്നതാണ്. അതിനാൽ പ്രദക്ഷിണങ്ങളിൽ പങ്കുചേരണം. കാഴ്ചക്കാരായി നിൽക്കരുത്. തിരുനാളിന്റെ മറ്റൊരു ഉദ്ദേശം അനുരഞ്ജനമാണ്. നമ്മുടെ തിരുക്കർമ്മങ്ങളെല്ലാം അനുരഞ്ജനത്തിനുള്ളതാണ്. വിശുദ്ധ കുർബാനയാണ് ഏറ്റവും വലിയ അനുരഞ്ജനാനുഭവം. എങ്കിൽ തിരുനാൾ ദിനങ്ങളിൽ ദൈവാലത്തിനുള്ളിലെ തിരുക്കർമ്മങ്ങളിൽ അർത്ഥം മനസ്സിലാക്കി പങ്കുചേരണം.

തിരുനാൾ ഈശോ ആഗ്രഹിക്കുന്ന രീതിയിൽ അർത്ഥവത്താകണമെങ്കിൽ ഹൃദയപരിവർത്തനം വേണം. കൊട്ടും കൊരവയും, വെടിക്കെട്ടും, കലാപരിപാടിയുമായി തിരുനാൾ കഴിഞ്ഞുപോവുകയും ഹൃദയം പഴയതുപോലെ ദുഷിച്ചിരിക്കുകയും ചെയ്താൽ എന്തു നേട്ടം. തിരുനാൾ അതിന്റെ ശരിയായ അർത്ഥത്തിൽ കൊണ്ടാടാൻ ശ്രദ്ധിക്കാം. ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു. ദൈവം നമ്മളെയെല്ലാം അനുഗ്രഹിക്കട്ടെ.

വികാരിയച്ചൻ





# കൂട്
## മതിലുകളില്ലാത്ത ഇടം

**ഫാ. റോജൻ പുരയ്ക്കൽ**

**സ്വർഗ്ഗം** ഭൂമിയോളം താഴ്ന്നിറങ്ങുകയാണ്, ഭൂമിയെ സ്വർഗ്ഗത്തോളമുയർത്താൻ. മഹത്വപൂർണ്ണൻ മഹിയിൽ വിനീതനാവുകയാണ്, മനുഷ്യകുലത്തെ മഹത്വപ്പെടുത്താൻ. ദൈവ-മനുഷ്യ സംഗമത്തിന്റെ ലാളിത്യമാർന്ന മുഖം പുൽക്കൂട്ടിൽ. ദൈവവും മനുഷ്യനും മാത്രമല്ല സർവ്വചരാചരങ്ങളും ദിവ്യമുഹൂർത്തങ്ങളുടെ പങ്കുകാരാകുന്നു. ഏവർക്കും ക്രിസ്തുമസ് മംഗളങ്ങൾ...

ദൈവ-മനുഷ്യ സംഗമത്തിന്റെ നിറവ് നമ്മുടെ ഹൃദയത്തിലും അനുഭവവേദ്യമാകട്ടെ... ക്രിസ്തുമസ്കാലം സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പശ്ചാത്തലംതന്നെ ഒരുക്കുന്നുണ്ട്. മനുഷ്യന്റെ സകല നൊമ്പരങ്ങളോടും ചേർന്നു നിൽക്കുന്നവൻ ഭൂജാതനായി എന്നനുസ്മരിപ്പിക്കുന്ന പുൽക്കൂടുകൾ. കയ്പ്പു നിറഞ്ഞ ജീവിതങ്ങളിൽ അവന്റെ മനുഷ്യാവതാരം മധുരാനുഭവം പകരുന്നു എന്ന് ഓർമ്മിപ്പിക്കുന്ന കേക്കുകൾ. ദൈവസ്തുതികളുടെ സംഗീതമുയരുന്ന കരോൾ രാത്രികൾ. കരുതാനും കരം നൽകാനും ഒരുവൻ ഉണ്ടെന്ന് ആശ്വസിപ്പിക്കുന്ന സാന്താക്ലോസ്സുകൾ. പ്രതീക്ഷയുടെ തിരിവട്ടം ഒപ്പമുണ്ടെന്ന് ധൈര്യപ്പെടുത്തുന്ന നക്ഷത്രവിളക്കുകൾ. അങ്ങനെ പലതും...



ബാഹ്യമായ ഒരുക്കങ്ങൾക്കും ആഘോഷങ്ങൾക്കുമപ്പുറം എങ്ങും പ്രാർത്ഥനയും ത്യാഗപ്രവർത്തികളും ഉണ്ണിക്കു നൽകാനുള്ള സമ്മാനങ്ങൾക്കു വേണ്ടിയുള്ള ഒരുക്കങ്ങളുമുണ്ട്. ഒരുക്കങ്ങളൊക്കെയും ജീവിതാനുഭവങ്ങളായി മാറുവാനുള്ള കൃപ അവൻ ചൊരിയട്ടെ... ആഘോഷങ്ങൾക്കും ഒരുക്കങ്ങൾക്കുമൊപ്പം ചില വിചിന്തനങ്ങളും ഈ ദിനങ്ങളുടെ ഭാഗമാകേണ്ടതുണ്ട്. ആഘോഷങ്ങൾ അനുഭവമാകുന്നതും ഒരുക്കങ്ങൾ ഫലദായകമാകുന്നതും അപ്പോഴാണ്.



വിളിക്ക് ഉചിതമായ പ്രത്യുത്തരം നൽകിയ യൗസെപ്പിതാവും അമ്മയും കടലോളം ചിന്തകൾ മനനത്തിന് നൽകുന്നുണ്ട്... ദൈവപദ്ധതിക്ക് എങ്ങനെ പ്രത്യുത്തരം നൽകണം, അവന്റെ വഴികൾ എങ്ങനെ തിരിച്ചറിയണം, പ്രതിബന്ധങ്ങളിലും സംഘർഷങ്ങളിലും സന്തോഷങ്ങളിലും എങ്ങനെ ദൈവഹിതത്തോട് ചേർന്നു നിൽക്കണം... അങ്ങനെ പലതും...

ക്രിസ്തുമസുമായി ബന്ധപ്പെട്ട ഓരോ വ്യക്തിയും ഓരോ വസ്തുവും ഓരോ സാഹചര്യവും ധ്യാനത്തിന്റെ ഭാഗമാണ്. വിളിക്ക് ഉചിതമായ പ്രത്യുത്തരം നൽകിയ യൗസെപ്പിതാവും അമ്മയും കടലോളം ചിന്തകൾ മനനത്തിന് നൽകുന്നുണ്ട്... ദൈവ പദ്ധതിക്ക് എങ്ങനെ പ്രത്യുത്തരം നൽകണം, അവന്റെ വഴികൾ എങ്ങനെ തിരിച്ചറിയണം, പ്രതിബന്ധങ്ങളിലും സംഘർഷങ്ങളിലും സന്തോഷങ്ങളിലും എങ്ങനെ ദൈവഹിതത്തോട് ചേർന്നു നിൽക്കണം... അങ്ങനെ പലതും...

ദൈവപദ്ധതികൾ എങ്ങനെ ഭയത്തിനും വക്രചിന്തകൾക്കും വഴിമാറുന്നു എന്ന് ഹെറോദേസ് കാണിച്ചുതരുന്നു... ലഭിച്ച അറിവുകൾ തിരിച്ചറിവുകളാകാതെ പോകുന്നവരുടെ മുഖവും അവനിലുണ്ട്... യുക്തിയും വിശ്വാസവും ചേർന്നുപോകുന്നതല്ല എന്ന് വാദിക്കുന്നവരുടെ മുമ്പിൽ, യഥാർത്ഥ ജ്ഞാനം എങ്ങനെ ഒരുവനെ അവന്റെ സന്നിധിയിലെത്തിക്കുന്നുവെന്ന് പഠിപ്പിക്കുകയാണ് ജ്ഞാനികൾ... അടയാളങ്ങളെ ബോധ്യങ്ങളാക്കുവാനുള്ള പാഠവും അവർ നൽകുന്നുണ്ട്... കുറവുകൾക്കുമപ്പുറം അവന്റെ സന്ദേശവാഹകരാകാനുള്ള വിളിയാണ് ഇടയന്മാർ നൽകുന്നത്... നിർമ്മല

ഹൃദയർക്കേ അവന്റെ വഴികളിൽ സന്തോഷിക്കാനാകൂ... വഴി തിരിയാതെ അവനിലേക്ക് നടന്നടുക്കാൻ, അവിടുന്നുതന്നെ നൽകുന്ന ജീവിതാനുഭവങ്ങളാകുന്ന അടയാളങ്ങളാണ് നക്ഷത്രം... ധ്യാനമാർന്ന മിഴികളോടെ നോക്കിയാൽ ഇനിയും ഏറെയുണ്ട് പാഠങ്ങൾ... ഈ ജഗത്തിന്റെതന്നെ പരിച്ഛേദമാകുന്ന പുൽക്കൂടുതന്നെ പരപ്പു കുറയാത്ത ധ്യാന വിഷയമാണ്... ദൈവ-മനുഷ്യ സംഗമത്തിന്റെ ആ ഇടം ഈ ഉലകത്തിന്റെതന്നെ ചിത്രമാണ്... പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും ചരാചരങ്ങളും പ്രകൃതിയും സൗഹൃദത്തിലായിരിക്കുന്ന ലോകം... വലുപ്പ-ചെറുപ്പ ഭേദമില്ലാതെ, നിലയ്ക്കും വിലയ്ക്കുമനുസരിച്ചുള്ള വേർതിരിവുകളില്ലാതെ ഏവരും സാഹോദര്യത്തിലായിരിക്കുന്ന പുൽക്കൂട് ഇന്ന് നമുക്ക് ഒരു വെല്ലുവിളി കൂടിയാണ്... ഉള്ളവയിലൊന്നും തൃപ്തമാകാത്ത നമ്മുടെ മനസ്സ് പുൽക്കൂട്ടിലെ ദാരിദ്ര്യത്തിനുള്ളിൽ ഇടങ്ങൾ കണ്ടെത്തണം... വീടിന്റെ മതിലുകൾക്കും ഉയരെ ഞാൻ പണിതു നിർത്തുന്ന ഹൃദയത്തിന്റെ ഭിത്തികൾ മറവുകളില്ലാത്ത പുൽക്കൂട്ടിൽ തച്ചുടയ്ക്കപ്പെടണം... എന്നിലേക്കും എനിക്കുള്ളവയിലേക്കുംമാത്രം ചുരുങ്ങാൻ ഞാൻ ഇഷ്ടം കാണിക്കുമ്പോൾ വേലികളും വേർതിരിവുകളുമില്ലാത്ത പുൽക്കൂട് എന്നെ അല്പമെങ്കിലും മുറിപ്പെടുത്തണം...

ഇന്നിന്റെ വർണ്ണക്കടലാസുകളും വൈദ്യുത ദീപങ്ങളും അന്യമായിരുന്ന, പ്രകൃതിയുടെ പച്ചപ്പിൽ കാലുപാകി മറച്ച പുൽക്കൂട് പ്രകൃതിയെ ഉപഭോഗവസ്തു മാത്രമാക്കുന്ന എന്റെ മനോഭാവങ്ങൾക്ക് തിരുത്തലുമാകണം...

എന്റെ ഹൃദയം പുൽക്കൂട് ആക്കപ്പെടട്ടെ... മതിലുകൾ തകർക്കപ്പെട്ട കൂട്... അവൻ പിറക്കട്ടെ, വേർതിരിവുകളുടെ വേലിക്കെട്ടുകളില്ലാത്ത എന്റെ ചങ്കിൽ... ഗ്ലോറിയാ ഗീതങ്ങളുയരട്ടെ, കരുണയും കരുതലും ഈണമിടുന്ന എന്നിൽ...

ഒരിക്കൽ കൂടി **ക്രിസ്തുമസ് മംഗളങ്ങൾ...**





# സഭയും പൗരോഹിത്യവും

ഫാ. സോണി പള്ളിച്ചിറയിൽ

**"ലോകസുഖങ്ങൾ** ആഗ്രഹിക്കാതെ ലോകത്തിൽ ജീവിക്കുക; ഒരു കുടുംബത്തിന്റെയും സ്വന്തമാകാതെ എല്ലാ കുടുംബങ്ങളിലും അംഗമാവുക; എല്ലാ സന്തോഷങ്ങളിലും ദുഃഖങ്ങളിലും പങ്കുചേർന്ന് എല്ലാ ഹൃദയങ്ങളിലേക്കും ഇറങ്ങിച്ചെല്ലുക. മനുഷ്യരിൽ നിന്നും ദൈവത്തിങ്കലേയ്ക്ക് പോകുക, അവരുടെ പ്രാർത്ഥന അവിടുത്തേയ്ക്കർപ്പിച്ച് ദൈവത്തിൽ നിന്നും ആനന്ദവും പാപപ്പൊറുതിയും കൊണ്ട് മനുഷ്യരിലേയ്ക്ക് മടങ്ങുക". ആലങ്കാരികഭംഗി തുളമ്പുന്ന കവിത പോലെ മനോഹരമായ ഈ ഉത്കൃഷ്ടവ്യക്തിത്വത്തിന്റെ ഉടമയാണ് പുരോഹിതൻ. ഈ ജീവിതശൈലിയാണ് പൗരോഹിത്യജീവിതം.

പരസ്പരബന്ധിതമായ രണ്ടു യാഥാർത്ഥ്യങ്ങൾ ആണ് സഭയും പൗരോഹിത്യവും. മിശിഹായുടെ മണവാട്ടിയായ സഭയുടെ ദൗത്യം ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്നവരാണ് പുരോഹിതർ. ദൈവജനവും മിശിഹായുടെ മൗതികശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമായി സഭയെ ഈ ലോകത്തിൽ സന്നിഹിതമാക്കുകയെന്ന മിശിഹായുടെ ജോലിയിൽ പങ്കുകാരാകുന്നവരാണ് പുരോഹിതർ. തിരുസഭയിൽ പരികർമ്മം ചെയ്യുന്ന തിരുപ്പട്ടം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് ഈശോമിശിഹായുടെ മാദ്ധ്യസ്ഥ്യത്തിലൂടെ പിതാവിനാൽ അയയ്ക്കപ്പെടുന്ന പുരോ



ഹിതൻ സഭാസേവനത്തിലൂടെ ലോകത്തിന്റെരക്ഷ സാധിതമാക്കി തന്റെ തനിമ പ്രകാശിതമാക്കുന്നു.

മാമ്മോദീസയിലൂടെ ക്രൈസ്തവരാകുന്ന ഏവരും പൊതുപൗരോഹിത്യത്തിൽ പങ്കുകാരാവുകയാണ്. എന്നാൽ ശുശ്രൂഷപൗരോഹിത്യം ഉടലെടുക്കുന്നത് പൊതുപൗരോഹിത്യത്തിൽ നിന്നല്ല. മറിച്ച് മിശിഹായുടെ പൗരോഹിത്യത്തിൽ നിന്നാണ്. സഭയ്ക്കുള്ള സ്ഥാനം ഇവിടെയാണ് വെളിപ്പെടുന്നത്. സഭയുടെ കൗദാശികമായ സ്വഭാവത്തേയും ദൗത്യത്തെയും രൂപീകരിക്കുന്ന അടിസ്ഥാന ദൈവശാസ്ത്രചിന്തയാണിത്. പിതാവായ ദൈവം സഭയിൽ സ്ഥാപിച്ച കൂദാശകളിലൊന്നാണ് പൗരോഹിത്യം. കൂദാശകൾക്ക് ഇന്ന് കാണുന്ന രൂപവും ഭാവവും നല്കിയത് സഭയാണ്.

വിശ്വാസത്തിന്റേയും ദൈവികവെളിപാടുകളോടുള്ള തുറന്ന സമീപനത്തിന്റേയും കണ്ണുകളിലൂടെ മാത്രമേ കൂദാശകളെ ഗ്രഹിക്കുവാൻ സാധിക്കൂ. പൗരോഹിത്യമെന്ന കൂദാശയ്ക്കും ഇതേ മാനദണ്ഡം തന്നെയാണുള്ളത്. സഭ തന്നെ ഒരു കൂദാശയാണ്. സഭയിലെ പ്രവർത്തനങ്ങളും ചട്ടങ്ങളും അവിശ്വാസികളെ സംബന്ധിച്ച് ഒരു സംവിധാനമാണെങ്കിൽ വിശ്വാസികളെ സംബന്ധിച്ച് ഒരേ ശരീരത്തിലെ പല അവയവങ്ങൾ ചെയ്യുന്ന ശുശ്രൂഷയുടെ ഭാഗമാണ്. ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരുടെ പിൻഗാമികളുടെ കൈവയ്പും പ്രാർത്ഥനയും വഴി പരിശുദ്ധാത്മഭിഷേകത്തിൽ നിത്യപുരോഹിനായ മിശിഹായുടെ അധികാരത്തിൽ പങ്കുകാരാകുന്ന പുരോഹതരിലാണ് സഭയുടെ അജപാലനധർമ്മം നിഷിപ്തമായിരിക്കുന്നത്. ''നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ആടുകളെ മേയ്ക്കുക.'' എന്ന മിശിഹായുടെ ആഹ്വാനം ശിരസ്സാവഹിക്കുന്നതിലാണ് ശുശ്രൂഷപൗരോഹിത്യത്തിന്റെ അന്ത:സത്ത അടങ്ങിയിരിക്കുന്നത്.

'നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ആടുകളെ മേയ്ക്കുക." എന്ന മിശിഹായുടെ ആഹ്വാനം ശിരസ്സാവഹിക്കുന്നതിലാണ് ശുശ്രൂഷപൗരോഹിത്യത്തിന്റെ അന്ത:സത്ത അടങ്ങിയിരിക്കുന്നത്.

വ്യക്തിയുടെ മഹത്വത്തിനോ മഹിമയ്ക്കോ വേണ്ടിയല്ല മറിച്ച് ദൈവത്തിന്റേയും സഭയുടേയും ശുശ്രൂഷയ്ക്കാണ് ഒരാൾ പൗരോഹിത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. ''നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്'' എന്ന വചനം നമ്മെ അനുസ്മരിപ്പിക്കുന്നത് പൗരോഹിത്യം ആരുടെയും



അവകാശമല്ല. അത് ദൈവത്തിന്റെ ദാനമാണ് എന്നതാണ്. സഭ തിരഞ്ഞെടുക്കുന്നവരും തന്റെ ശുശ്രൂഷയ്ക്കായ് നിയോഗിക്കുന്നവരും മാത്രമാണ് പൗരോഹിത്യ പദവിയിലേയ്ക്ക് വരുന്നത്.

''നിത്യപുരോഹിതനായ മിശിഹായുടെ സജീവോപകരണങ്ങളായി നിലകൊണ്ട്, മനുഷ്യസമൂഹത്തെ ദൈവത്തോട് ഏറ്റവും കാര്യമായി പുനരൈക്യപ്പെടുത്തുക എന്ന മിശിഹായുടെ ദൗത്യം യുഗയുഗാന്തരങ്ങളിലേയ്ക്ക് തുടർന്നു കൊണ്ടുപോകോണ്ടവരാണ് വൈദികർ'' എന്ന് വൈദികരെ സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ വ്യക്തമാക്കുന്നു. സഭയിൽ ആന്തരികമായി നവീകരണം വരുത്തിക്കൊണ്ടും, ആധുനികലോകത്തോട് സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടും ലോകമെങ്ങും സുവിശേഷം പ്രചരിപ്പിച്ചകൊണ്ടും പുരോഹിതൻ എന്ന പദത്തിന് കൂടുതൽ തനതാത്മകത നല്കുവാൻ ആധുനിക പുരോഹിതൻ തയ്യാറാകണം.

സഭയുടെ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടുന്ന പുരോഹിതൻ ദൈവവചനത്തോടും, കൗദാശിക അടയാളങ്ങളോടും ബന്ധപ്പെട്ടിരിക്കുന്ന അതേ അനുപാതത്തിൽ സഭയുടെ മൗലികഘടനയിലും ഉൾചേർന്നിരിക്കുന്നു. ആകയാൽ പുരോഹിതന്റെ ശുശ്രൂഷ പൂർണ്ണമായും സഭയ്ക്കുവേണ്ടിയുള്ളതാണ്. പൊതുപൗരോഹിത്യത്തിന്റെ പ്രവർത്തനങ്ങളെ വളർത്തുക എന്നതാണ് ശുശ്രൂഷ പൗരോഹിത്യത്തിന്റെ ലക്ഷ്യം. മിശിഹാ തന്റെ രക്ഷാകരകർമ്മം ആരംഭിച്ചത് ശിഷ്യരുടെ കാല് കഴുകൽ ശുശ്രൂഷയോടെയാണ് എന്ന കാര്യം അനുദിന ജീവിത സാഹചര്യങ്ങളിൽ മനസ്സിൽ സൂക്ഷിക്കുവാനും പൗരോഹിത്യജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ നിഷ്കളങ്കതയോടും നൈർമ്മല്യതയോടും നീതിനിഷ്ഠയോടും വിശ്വസ്തയോടും ജീവിക്കുവാൻ എല്ലാ പുരോഹിതർക്കും വേണ്ടി സഭാ മക്കൾ ഒന്നു ചേർന്നു പ്രാർത്ഥിക്കുക. മിശിഹായ്ക്കും സഭയ്ക്കും വേണ്ടി വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ചെയ്യുന്ന കൂടുതൽ ദൈവവിളികൾ നമ്മുടെ ഇടവക സമൂഹത്തിൽ ഉണ്ടാകുവാൻ തീക്ഷ്ണതയോടെ നിരന്തരം പ്രാർത്ഥിക്കുക. ദൈവജനത്തിന്റെ ദൈവസന്നിധിയിലുള്ള നിലവിളിയുടെ പ്രതികരണമാണ് ഓരോ ദൈവവിളിയും......



**ക്രിസ്തുമസ് പുതുവർഷ ആശംസകൾ...**



# വംശനാശ ഭീഷണി നേരിടുന്ന
# കേരള ക്രൈസ്തവർ

**ഫാ. ജെയിംസ് കൊക്കാവയലിൽ**

**വളരെ** വലിയ ഒരു വടവൃക്ഷം, മനോഹരമായ ഇലകൾ, നിറയെ പൂക്കൾ പഴുത്ത ഫലങ്ങൾ. വളരെയേറെ കിളികൾ ചേക്കേറുകയും മനുഷ്യർ ചുവട്ടിൽ വിശ്രമിക്കുകയും ചെയ്യുന്നു. പക്ഷെ ഒരു കുഴപ്പമുണ്ട് ആ മരത്തിന്റെ വേര് ചീഞ്ഞു തുടങ്ങിയിരിക്കുന്നു. വേര് ചീഞ്ഞു തുടങ്ങിയാൽ സംഭവിക്കുന്നത് എന്താണ്? ഉടനെ അത് പുറത്ത് അറിയാൻ സാധിക്കുകയില്ല. പൂക്കളും ഇലകളും ഒക്കെ കുറച്ചുനാൾ കൂടി ഭംഗിയായി പഴയതുപോലെ നിൽക്കും. പിന്നീട് പെട്ടെന്ന് ഇലകൾ ഉണങ്ങിയും ഫലങ്ങൾ കൊഴിഞ്ഞും പോകും.

കേരള സഭയ്ക്കും ഇതുതന്നെയല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. പുറമേ മനോഹരമായ പള്ളികൾ, അതിൽ നിറയെ ആളുകൾ, ധാരാളം സ്കൂളുകൾ ആശുപത്രികൾ മറ്റ് സ്ഥാപനങ്ങൾ, അനേകം വൈദികർ, സന്യസ്തർ പിന്നെ നിറഞ്ഞു കവിഞ്ഞ ധ്യാനകേന്ദ്രങ്ങൾ, ഇവയെല്ലാം ധാരാളമുണ്ട് പക്ഷേ ഈ സമൂഹത്തിന്റെ ഭാവി എന്താണ്? ഇതിനു മുൻപോട്ട് എന്താണ് സംഭവിക്കാൻ പോകുന്നത്? ഇതിന്റെ നിലനിൽപ്പുതന്നെ അപകടത്തിലായി കൊണ്ടിരിക്കുകയാണ്. നമ്മുടെ യുവജനങ്ങൾ മുഴുവൻ പ്രവാസികളായി കൊണ്ടിരിക്കുകയാണ്. പണ്ട് മലബാർ

കുടിയേറ്റവും ഹൈറേഞ്ച് കുടിയേറ്റവും ഒക്കെ നടന്നിട്ടുണ്ട് പക്ഷേ അവയെ അതിജീവിക്കുവാൻ നമ്മുടെ സമൂഹത്തിന് സാധിച്ചു. കാരണം കുടുംബങ്ങളിൽ ധാരാളം കുട്ടികൾ ഉണ്ടായിരുന്നു, നാട്ടിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. ആകെയുള്ള ഒന്നോ രണ്ടോ കുട്ടികൾ പോലും പ്രവാസികൾ ആകുന്നു. പല വീടുകളും പൂട്ടിയിട്ടു കൊണ്ടിരിക്കുകയാണ്. ഏകദേശം 10% വീടുകൾ എങ്കിലും ഓരോ ഇടവകയിലും പൂട്ടി ഇട്ടിട്ടുണ്ട്. ഈ പ്ര വാസത്തെ അതിജീവിക്കാനുള്ള ശേഷി നമ്മുടെ സമൂഹത്തിന് ഇല്ല. ഇതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് വിവാഹം കഴിക്കാൻ സാധിക്കാതെ 30 വയസ്സ് കഴിഞ്ഞിട്ടും നിൽക്കുന്ന ആൺകുട്ടികളുടെ പ്രശ്നങ്ങൾ. സീറോ മലബാർ സഭയിൽ തന്നെ ഇപ്രകാരം ഒരു ലക്ഷത്തിന് മുകളിൽ ആൺകുട്ടികൾ ഉണ്ട് എന്ന കണക്ക് നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഇവയൊക്കെ മൂലം കുടുംബങ്ങളുടെ തുടർച്ച നഷ്ടപ്പെടുകയാണ്. നമ്മുടെ സമൂഹം അന്യംനിന്നുപോയികൊണ്ടിരി ക്കുകയാണ്. വംശനാശ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്.

സ്വാതന്ത്ര്യം ലഭിച്ചപ്പോൾ കേരളത്തിലെ ജനസംഖ്യയുടെ 25 % ക്രിസ്ത്യാനികൾ ആയിരുന്നു മുസ്ലീങ്ങൾ 14 % വും . 2004 സെൻസസിൽ നമ്മൾ 19.05 % വും. 2011 ലെ സെൻസസ് പ്രകാരം നമ്മൾ 18.38 % വും മുസ്ലീങ്ങൾ 26.5 % വുമാണ്. ഇനി 2021 ലെ സെൻസസ് വരുമ്പോൾ കാര്യങ്ങൾ ഇതിലും ഭീകരമായിരിക്കും. 2001 നിന്ന് 2011 ലേക്കുള്ള പത്ത് വർഷത്തെ ഇടവേളയ്ക്ക് അകത്ത് ഇവിടെ മുസ്ലീങ്ങളുടെ എണ്ണം കൂടിയത് പത്തുലക്ഷത്തിപതിനായിരം ആണ്. ഹിന്ദുക്കൾ മൂന്നു ലക്ഷത്തിഅറുപത്തീരായിരവും കൂടി. എന്നാൽ ക്രിസ്ത്യാനികൾ കൂടിയത് ആകെ 84000 ആണ്. മാത്രമല്ല നമ്മുടെ പ്രധാന കേന്ദ്രങ്ങളിൽ ജനസംഖ്യ കുറയുകയാണ്. ഉദാഹരണത്തിന് കോട്ടയം ജില്ലയിൽ 12763 ക്രിസ്ത്യാനികൾ ഈ കാലയളവാൽ കുറഞ്ഞു. ഇനി 2021 ലെ സെൻസസ് വന്നാൽ സ്ഥിതി ഇതിലും ഭീകരമായിരിക്കും. ജനസംഖ്യ കുറയുന്നത് മൂലം നമ്മുടെ സാമൂഹിക രാഷ്ട്രീയ സ്വാധീനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന സ്വാധീനം ഒന്നും ഇപ്പോൾ നമുക്കില്ല. തിരുവിതാംകൂർ പ്രദേശത്ത് 7 നിയമസഭാമണ്ഡലങ്ങൾ നമുക്ക് നഷ്ടപ്പെട്ടുപോയി. വാഴൂർ, കല്ലൂപ്പാറ തുടങ്ങിയവ ഉദാഹരണങ്ങളാണ് പകരം മലബാറിൽ പുതിയവ ആരംഭിച്ചു. മലപ്പുറം ജില്ലയിൽ 16 നിയമസഭാ മണ്ഡലങ്ങൾ ഉണ്ട്. പത്തനംതിട്ടയിൽ 5 എണ്ണം മാത്രമാണ് ഉള്ളത്. മൂവാറ്റുപുഴ എന്ന ലോകസഭാ മണ്ഡലവും ഇതുപോലെ നമുക്ക് നഷ്ടപ്പെട്ടുപോയതാണ്.

ജനാധിപത്യ ഭരണക്രമത്തിൽ ജനസംഖ്യ തന്നെയാണ് ഏറ്റവും വലിയ ശക്തി.

ഉദ്യോഗസ്ഥ തലത്തിലും നമ്മുടെ സ്വാധീനം കുറയുകയാണ്. നിലവിലെ നിയമനങ്ങളിൽ നമ്മുടെ പ്രാതിനിധ്യം വെറും 4% ത്തിൽ താഴെ മാത്രമാണ്. ഭരണ സംവിധാനത്തിലുള്ള സ്വാധീനം നമുക്ക് നഷ്ടപ്പെട്ടതിന് തെളിവാണ് നമ്മൾ നിരന്തരം പ്രഹരങ്ങൾ ഏറ്റുവാങ്ങി കൊണ്ടിരിക്കുന്നു എന്നത്. സോഷ്യൽ മീഡിയയിലും ചാനൽ ചർച്ചകളിലും മാത്രമുള്ള പ്രശ്നങ്ങളല്ല. നമ്മളറിയാതെ തന്നെ സാമൂഹിക തലത്തിലും ഗവൺമെൻറ് തലത്തിലും എല്ലാം നമുക്കെതിരെ ആസൂത്രിതമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പല നിയമകുരുക്കളും പുതുതായി ഉണ്ടാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല സഭാ സ്ഥാപനങ്ങളും നടത്തിക്കൊണ്ടു പോകുവാൻ ഇപ്പോൾ ബുദ്ധിമുട്ടായി മാറിക്കൊണ്ടിരിക്കുകയാണ്. ആ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഈ കാര്യങ്ങൾ വളരെ വ്യക്തമായി അറിയാം. ചാനൽ ബഹിഷ്കരണവും സോഷ്യൽ മീഡിയയിലെ പ്രതിഷേധവും ഒന്നും ഇതിന് മറുപടികൾ അല്ല. നമ്മൾ ലക്ഷണങ്ങളെ ചികിത്സിച്ചിട്ട് കാര്യമില്ല രോഗത്തെ തന്നെ ചികിത്സിക്കണം. അതായത് നമ്മുടെ അംഗസംഖ്യ കുറയുന്നത് തന്നെയാണ് നമ്മുടെ സമൂഹം നേരിടുന്ന സകല പ്രതിസന്ധികൾക്കും പ്രധാനകാരണം. ഇതിന് കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ വേണമെന്ന പരിഹാരത്തിലേക്കാണ് നമ്മൾ പെട്ടെന്ന് തിരിയുന്നത്. അവിടം കൊണ്ട് നിർത്തുകയാണ്. എന്നാൽ അതിനുവേണ്ട സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടാതെ അതു സംഭവിക്കുകയില്ല.

**നമ്മൾ ലക്ഷണങ്ങളെ ചികിത്സിച്ചിട്ട് കാര്യമില്ല രോഗത്തെ തന്നെ ചികിത്സിക്കണം. അതായത് നമ്മുടെ അംഗസംഖ്യ കുറയുന്നത് തന്നെയാണ് നമ്മുടെ സമൂഹം നേരിടുന്ന സകല പ്രതിസന്ധികൾക്കും പ്രധാനകാരണം.**

നമ്മുടെ യുവജനങ്ങളെ പ്രവാസികളാകാതെ ഇവിടെ പിടിച്ചു നിർത്തുകയും അവർക്ക് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഉള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം. അതായത് തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിച്ചെങ്കിൽ മാത്രമേ മുകളിൽ പറഞ്ഞവ സംഭവിക്കുകയുള്ളൂ. അവർക്ക് തൊഴിൽ സാധ്യതകൾ തുറന്നു കൊടുക്കണം. സ്വയംതൊഴിലിന് ഉള്ള അവസരങ്ങൾ ഒരുക്കി

കൊടുക്കണം. ഇതിനുള്ള പ്രധാന മാർഗമാണ് സർക്കാർ നമുക്ക് ഒരുക്കി തന്നിരിക്കുന്ന ന്യൂനപക്ഷ ആനുകൂല്യങ്ങളിൽ നമുക്ക് അർഹമായത് നേടിയെടുക്കുക എന്നത്. kscminorities.org എന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ വെബ്സൈറ്റിൽ കയറി നോക്കിയാൽ കാണാൻ സാധിക്കും എത്രമാത്രം ആനുകൂല്യങ്ങളാണ് സർക്കാർ അനുവദിച്ച നൽകുന്നതെന്ന് അതിന്റെ ഹാൻഡ് ബുക്ക് നോക്കിയാൽ നമുക്ക് തലകറക്കം വരും കാരണം ഇവ മുഴുവൻ മുസ്ലിം സമുദായം ഒറ്റയടിക്ക് കൊണ്ടുപോവുകയാണ്. നമുക്ക് യാതൊന്നും തന്നെ ലഭിക്കുന്നില്ല. മദർ തെരേസയുടെ പേരിലുള്ള സ്കോളർഷിപ്പ് പോലും മുസ്ലീങ്ങൾക്ക് 80 ശതമാനവും ബാക്കി അഞ്ചു സമുദായങ്ങൾക്കും കൂടി 20 ശതമാനവുമാണ് നൽകുന്നത്. പിഎസ്സി ബാങ്ക് കോച്ചിങ്ങ് തുടങ്ങിയ മത്സര പരീക്ഷകൾ പരിശീലിപ്പിക്കുന്നതിനായി സർക്കാർ ചെലവിൽ 38 കേന്ദ്രങ്ങളാണ് മുസ്ലീങ്ങൾക്ക് അനുവദിച്ചു കൊടുത്തിരിക്കുന്നത്. നമുക്ക് അപേക്ഷിച്ചിട്ടും ഒന്നു പോലും നൽകാതെ നീതിനിഷേധം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ അപേക്ഷകൾ ഒക്കെ നിഷ്കരുണം തള്ളിക്കളയുകയാണ്.

കേന്ദ്രസർക്കാർ ഒരുവർഷം 4700 കോടി രൂപയാണ് ന്യൂനപക്ഷ ആനുകൂല്യങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നത്. ഒരുകോടി കുട്ടികൾക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. കൂടാതെ സ്വയം തൊഴിൽ പദ്ധതികൾ, തൊഴിൽ വായ്പകൾ വിദ്യാഭ്യാസ ലോണുകൾ, ഇതര സാമ്പത്തിക സഹായങ്ങൾ, തുടങ്ങിയ എത്രമാത്രം ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇവയെല്ലാം



**നമ്മുടെ യുവജനങ്ങളെ പ്രവാസികളാകാതെ ഇവിടെ പിടിച്ചു നിർത്തുകയും അവർക്ക് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഉള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം.**

കേരളത്തിൽ 80:20 അനുപാതത്തിലാണ് വീതിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് ഉച്ചിഷ്ടം പോലെ തരുന്ന 20 ശതമാനം പോലും ലഭിക്കുന്നില്ല എന്നതാണ് വാസ്തവം.

ന്യൂനപക്ഷ ആനുകൂല്യങ്ങൾ എന്തിനുവേണ്ടിയാണ്? നിലനിൽപ്പ് അപകടത്തിൽ ആയിരിക്കുന്ന ന്യൂനപക്ഷ സമൂഹങ്ങളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ് ന്യൂനപക്ഷ ആനുകൂല്യങ്ങൾ. അങ്ങനെ നോക്കുകയാണെങ്കിൽ, ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്നതിന്റെ യഥാർത്ഥ അന്തസത്ത മനസ്സിലാക്കുകയാണെങ്കിൽ, നിലനിൽപ്പ് അപകടത്തിൽ ആയിരിക്കുന്ന ക്രൈസ്തവ സമൂഹത്തിനാണ് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കേണ്ടത്. മുസ്ലിം സമുദായത്തിന് നിലനിൽപ്പ് അപകടത്തിൽ ഒന്നുമല്ല അവർ അനുദിനം വർദ്ധിച്ചു പെരുകി കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ്. ഈ സംസ്ഥാനം ഭരിക്കുന്ന സർക്കാരുകൾ ഇരട്ടത്താപ്പു നയങ്ങൾ ആണ് എപ്പോഴും സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വിമോചന സമരകാലത്ത് ഇവിടെ 25% ഉള്ള ക്രിസ്ത്യാനികളെ ന്യൂനപക്ഷമായി കണക്കാക്കാൻ സാധിക്കില്ല എന്ന് സുപ്രീംകോടതിയിൽ സത്യവാങ്മൂലം കൊടുത്ത ഇഎംഎസ് സർക്കാരിന്റെ പിൻഗാമികൾ ഭരിക്കുന്ന പിണറായി സർക്കാർ എന്തുകൊണ്ട് 27% ഉള്ള മുസ്ലീങ്ങളെ ന്യൂനപക്ഷങ്ങൾ ആയി തന്നെ കണക്കാക്കി കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കണം. ഒരു സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾ ആരൊക്കെ എന്ന് തീരുമാനിക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിനാണ്.

ന്യൂനപക്ഷം എന്ന പേര് നമുക്ക് ഒരു ബാധ്യതയായി മാറി കൊണ്ടിരിക്കുകയാണ്. മുസ്ലീങ്ങൾ എവിടെയൊക്കെ ബോംബ് പൊട്ടിച്ചാലും പറയും ന്യൂനപക്ഷ വർഗീയത വളർന്നുകൊണ്ടിരിക്കുന്നു എന്ന്. ഇവിടുത്തെ ക്രിസ്ത്യാനികൾ എന്തെങ്കിലും വർഗീയ പ്ര വർത്തനങ്ങൾക്കോ വിധ്വംസക പ്രവർത്തനങ്ങൾക്കോ പോകുന്നുണ്ടോ. പിന്നെ എന്തിനാണ് സ്ഥിരം ന്യൂനപക്ഷ വർഗീയത വളരുന്നു എന്ന് പറഞ്ഞ് നമ്മളെ കൂടി അപമാനിക്കുന്നത്. എന്നാൽ ന്യൂനപക്ഷ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ നമ്മളെ യാതൊരു തരത്തിലും പരിഗണിക്കുന്നുമില്ല.

ഇതോടൊപ്പം തന്നെ പ്രധാനപ്പെട്ടതാണ് സംവരണത്തിന്റെ കാര്യവും. സംവരണം ഇന്ന് തികച്ചും അനീതി പരമായി ന ടന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിനും ജോലിക്കും അതിനുള്ള മാനദണ്ഡങ്ങളിലും എല്ലാ സംവരണമാണ്. പ്രവേശന പരീക്ഷകളിൽ സംവരണക്കാർക്ക് കുറഞ്ഞ മാർക്ക് മതി. പോലീസ്

തുടങ്ങിയ ജോലികളിൽ നെഞ്ചളവ്, പൊക്കം തുടങ്ങിയവയ്ക്കും സംവരണമാണ്. മുസ്ലീങ്ങൾ, പിൻവാതിലിലൂടെ 12% സംവരണമാണ് നേടിയെടുത്തിരിക്കുന്നത്. സംവരണത്തിന്റെ പേരിൽ നിരന്തരം പഴി കേൾക്കുന്ന എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് 10 % മാത്രമാണ് സംവരണം. ജനസംഖ്യാനുപാതികമായി ഇനിയും കൂടുതൽ സംവരണം വേണമെന്ന് പറഞ്ഞ് മുസ്ലീങ്ങൾ ഹൈക്കോടതിയിൽ ഇപ്പോൾ ഹർജി കൊടുത്തിരിക്കുകയാണ്. ഹൈക്കോടതി സർക്കാരിനോട് നിലപാടു അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. മുസ്ലീം പിൻതുണയോടു കൂടി മുന്നോട്ടു പോകുന്ന ഒരു സർക്കാർ എന്ത് നിലപാട് സ്വീകരിക്കുമെന്ന് ഉള്ളത് വ്യക്തമാണ്. ക്രിസ്ത്യാനികൾക്ക് സംവരണം വേണ്ട എന്ന് പണ്ട് ഫാ.ജറോം ഡിസൂസ എന്ന വൈദികൻ പറഞ്ഞു എന്ന പഴങ്കഥ നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ ഭരണഘടനാപരമായി സംവരണാനുകൂല്യം ഉള്ളത് എസ്.സി. എസ്.ടി. വിഭാഗത്തിന് മാത്രമാണ്. പിന്നീട് 1982 ലോ മറ്റോ ആണ് മണ്ഡൽ കമ്മീഷൻ വരുകയും ഒബിസി വിഭാഗങ്ങൾ എന്ന പേരിൽ ധാരാളം വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തി അവർക്കും സംവരണം ഏർപ്പെടുത്തുകയും ചെയ്തത്.

ദുർബല വിഭാഗങ്ങളെ സംരക്ഷിക്കുവാൻ ഏർപ്പെടുത്തിയ സംവരണം ഇന്ന് ചില പ്രബല വിഭാഗങ്ങൾ കൈയടക്കിയിരിക്കുകയാണ്. നമ്മളെപ്പോലെ തന്നെ സമാനമായ പ്രതിസന്ധികൾ അനുഭവിക്കുന്ന നായർ സമുദായവും ബ്രാഹ്മണ സമുദായവും ഇതര സമുദായങ്ങളും ഒക്കെയുണ്ട് അവയ്ക്കൊന്നും ഇത്രയും പോലും പ്രതികരണശേഷി ഇല്ല എന്ന് മാത്രം. നിലവിൽ അനുവദിക്കപ്പെട്ട സാമ്പത്തിക സംവരണം നമുക്ക് ലഭിച്ചിരിക്കുന്ന സുവർണ അവസരമാണ്. ഇത് കേന്ദ്ര സർക്കാർ നടപ്പിലാക്കി കഴിഞ്ഞു. ഇതിന്റെ ഗുണഫലങ്ങളെക്കുറിച്ച് ക്രൈസ്തവർ വേണ്ടത്ര ബോധവാൻമാരല്ല. കേരള സർക്കാർ ഇത് നടപ്പിലാക്കുന്നതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിക്കൊണ്ടിരിക്കുകയാണ്. ചില OBC വിഭാഗങ്ങളെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇത്. ഇതിനെതിരെ നമ്മുടെ സമുദായത്തിൽ നിന്ന് ശക്തമായ പ്രതിഷേധം ഉയരേണ്ടതുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ ചങ്ങനാശേരി അതിരൂപത പ്രസിദ്ധീകരിച്ചിരിക്കുന്ന പഠന ഗ്രന്ഥമായ 'കേരള ക്രൈസ്തവർ അവസ്ഥയും അവകാശങ്ങളും' എന്ന 30 രൂപ മാത്രം വിലയുള്ള പുസ്തകം വായിക്കുക. ചങ്ങനാശേരി സെന്റ് ജോസഫ്സ് ബുക്സ്റ്റാളിലും മാർത്തോമാ വിദ്യാനികേതൻ ബുക്സ്റ്റാളിലും ഇത് ലഭ്യമാണ്.



# കരുണാർത്ഥന
## ഒരു അവലോകനം

സി. ക്ലാരിസ് സി.എം.സി.

**''രാത്രിയിൽ,** യാമങ്ങളുടെ ആരംഭത്തിൽ എഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിന്റെ സന്നിധിയിൽ ജലധാരപോലെ നിന്റെ ഹൃദയത്തെ ചൊരിയുക. നാല്ക്കവലകളിൽ വിശന്നു തളർന്നു വീഴുന്ന നിന്റെ മക്കളുടെ ജീവനുവേണ്ടി നീ അവിടുത്തെ സന്നിധിയിലേക്കു കൈകളുയർത്തുക'' (വിലാ 2.19) എന്ന വിശുദ്ധ ഗ്രന്ഥാഹ്വാനമനുസരിച്ചും ഏതാനും തീക്ഷണതയുള്ള അല്മായ സഹോദരങ്ങൾക്ക് പരിശുദ്ധാത്മാവ് നല്കിയ പ്രചോദനമനുസരിച്ചും സഭയുടെയും ദേശത്തിന്റെയും കുടുംബത്തിന്റെയും വിശുദ്ധീകരണം ലക്ഷ്യമാക്കി 40 ദിനരാത്ര അഖണ്ഡ പ്രർത്ഥനായജ്ഞം പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു നടത്തിയതാണ് 'കരുണാർത്ഥന' പെ. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ബഹു സിസ്റ്റേഴ്സ്, അല്മായ നേതാക്കൾ, ജീസസ് യൂത്ത്, കരിസ്മാറ്റിക് മൂവ്മെന്റ് എന്നിവയുടെ സഹകരണത്തോടെ കൊടിയ തിന്മകളിൽ അകപ്പെട്ടവർക്ക് മാനസാന്തരത്തിന്റെ ആഹ്വാനം പകരുവാനും അപകട നിരക്കുകൾ കുറയ്ക്കുവാനും ആത്മഹത്യാപരമ്പര അവസാനിപ്പിക്കുവാനും മാധ്യമങ്ങളിലൂടെയുള്ള സഭാമക്കളുടെ അപകീർത്തി അതിജീവിക്കുവാനും നിരന്തര പ്രാർത്ഥനയുടെ അന്തരീക്ഷം ഇടവകപ്പള്ളിയിൽ ക്രമീകരിക്കുവാനും കഴിഞ്ഞ വർഷത്തെ 40 ദിന, രാത്രി അഖണ്ഡപ്രാത്ഥനായജ്ഞം സഹായകരമായിരുന്നു എന്ന് യോഗം വിലയിരുത്തി.

മാധ്യമങ്ങളുടെ അതിപ്രസരം ഉണർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാൻ മദ്യമയക്കുമരുന്ന് മാഫിയകളുടെ സ്വാധീനങ്ങളിൽ



നിന്ന് ദൈവജനത്തെ രക്ഷിക്കാൻ, സാത്താൻ സേവ തുടങ്ങിയ തിന്മയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും ദൈവമക്കളെ അകറ്റുവാൻ സഹായിക്കുന്നവിധത്തിൽ ദൈവതിരുമുമ്പാകെ മുട്ടുകുത്തി കരം വിരിക്കുവാൻ ദൈവജനത്തിന്റെ ആത്മീയ നവീകരണത്തിന്, വിശ്വാസജീവിതത്തിന്റെ ആഴപ്പെടലിന്, ത്യാഗപൂർണ്ണമായ, വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ 40 ദിന രാത്ര അഖണ്ഡ പ്രാർത്ഥനായജ്ഞം കൃപ വർഷിക്കുമെന്ന് അഭിപ്രായപ്പെട്ടു.

ആഗസ്റ്റ് 12-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനെ പെ.ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ടീം അംഗങ്ങൾ സന്ദർശിച്ച് അഭിപ്രായങ്ങൾ അറിയിച്ചു. പൗരസ്ത്യ ആധ്യാത്മികതയുടെ കാതൽ രക്ഷാകരപദ്ധതിയിൽ അടങ്ങിയിരിക്കുന്നതിനാൽ, പൗരസ്ത്യരുടെ വിശ്വാസ പരിശീലനക്കളരിയായ യാമ പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ച് സഭാത്മകപ്രാർത്ഥനയായി കരുണാർത്ഥന ക്രമീകരിക്കുവാൻ അഭിവന്ദ്യപിതാവ് നിർദ്ദേശിക്കുകയുണ്ടായി.

ചങ്ങനാശ്ശേരി കേന്ദ്രമാക്കിയുള്ള തിന്മയുടെയും സാത്താൻ സേവയുടെയും സ്വാധീനങ്ങളിൽ നിന്ന് ദൈവജനത്തെ വിമോചിപ്പിക്കുവാൻ സഹായിക്കുന്നവിധം വിവിധ മദ്ധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പുകൾ രൂപീകരിച്ച്, കരുണാർത്ഥന ആരംഭിക്കുന്നതിനു മുൻപ് ഭവനങ്ങളും വ്യാപാരസ്ഥാപനങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുവാനും ദൈവജനത്തെ മാനസാന്തരത്തിലേയ്ക്ക് നയിക്കുവാനും കുമ്പസാരം ക്രമീകരിക്കുവാനും വെഞ്ചരിപ്പു നടത്തുവാനും അഭിവന്ദ്യപിതാവിന്റെ നിർദ്ദേശമനുസരിച്ച് ക്രമീകരണങ്ങൾ ചെയ്തു. ബഹു. വൈദികരും സിസ്റ്റേഴ്സും അല്മായരും അടങ്ങുന്ന മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് 3 ദിവസത്തോളം പ്രാർത്ഥിച്ചൊരുങ്ങി 10 ദിവസത്തോളം നടത്തിയ ഭവനസന്ദർശനം ദൈവാനുഗ്രഹത്തിന്റെ, ദൈവകരുണയുടെ, പ്രതിഫലനവും ‘‘പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു’’. (ഹബക്കുക്ക് 1:5) എന്ന തിരുവചനത്തിന്റെ സാക്ഷ്യവുമായിരുന്നു.

മിശിഹായുടെ രാജത്വതിരുനാളായ നവംബർ 24-ന് സമാപിക്കത്തക്കവിധം ഒക്ടോബർ 15-ന് 5 മണിക്കുള്ള വി. കുർബാനയോടുകൂടി കരുണാർത്ഥന ആരംഭിക്കുകയുണ്ടായി. ദിവ്യകാരുണ്യത്തിൽ സജീവനായി വാഴുന്ന ഈശോയുടെ സന്നിധിയിലേയ്ക്ക് ദൈവജനത്തെ ആകർഷിക്കുവാൻ, ദൈവജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നവിധം 40 ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ 6.30 മുതൽ 9.30 വരെ തിരുവചന പ്രഘോഷണങ്ങൾ ക്രമീകരിക്കുവാൻ യോഗം നിർദ്ദേശിച്ചു. കേരളത്തിലെ പ്രമുഖരായ വചന പ്രഘോഷകരെ 40 ദിവസങ്ങളിലും മുടങ്ങാതെ കൊണ്ടുവരുവാൻ സാധിച്ചു



എന്നത് കരുണാർത്ഥനയുടെ ഒരു വലിയ വിജയമായിരുന്നു. ബഹു. ഡൊമനിക് വാളന്മാനാലച്ചന്റെ വചനപ്രഘോഷണം കത്തീഡ്രൽ ഇടവകയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ ആലേഖനം ചെയ്യത്തക്കവിധം ജനനിബിഢമാക്കിയിരുന്നു.

'കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. അത് ഓരോ പ്രഭാതത്തിലും പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്' (വിലാ. 3:22) എന്ന തിരുവചനം അനുഭവിച്ചറിയുകയായിരുന്നു കരുണാർത്ഥനയുടെ ഓരോ ദിനവും. അനുനിമിഷവും അഗാധമായ സ്നേഹത്തോടെ തങ്ങളെ വീക്ഷിക്കുന്ന, തങ്ങളുടെ ഹൃദയത്തിന്റെ വിങ്ങലുകളെ ഒപ്പിയെടുത്ത് സമാശ്വസിപ്പിക്കുന്ന, തളർന്ന മനസ്സുകൾക്ക് ബലം പകരുന്ന, ജീവിതത്തിന്റെ പരുപരുത്ത പ്രതലങ്ങളെ മൃദുവാക്കാൻ സഹായിക്കുന്ന, കുന്നും മലകളും നിരപ്പാക്കുന്ന ദൈവസ്നേഹത്തിന്റെ മാസ്മരീകത ദൈവജനം അനുഭവിച്ചറിഞ്ഞ നിമിഷങ്ങൾ. മാനസാന്തരത്തിന്റെ, ആത്മീയ നവീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ദൈവജനത്തിന് സാധിച്ചതായി അനേകർ സാക്ഷ്യപ്പെടുത്തുന്നു. ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് ധാരാളം പേർ രാത്രിയുടെ യാമങ്ങളിൽ കുടുംബസമ്മേളനവും സന്ന്യാസസമൂഹങ്ങളും മാദ്ധ്യസ്ഥപ്രാർത്ഥനാ നിർഭരരായി വി. കുർബാന സവിധേ ആയിരുന്നത് ദിവ്യമായ കാഴ്ചയായിരുന്നു.

## മികച്ച അടുക്കളത്തോട്ടത്തിന് സമ്മാനം

**ഇടവകയിലെ കുടുംബങ്ങൾക്കായി നടത്തുന്ന ഈ മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഡിസംബർ 31 നുമുമ്പ് പള്ളി ഓഫീസിൽ പേര് നൽകുക. മികച്ച മൂന്നു തോട്ടങ്ങൾക്ക് ഇടവകദിനത്തിൽ സമ്മാനം നൽകുന്നു.**





# വിളിയുടെ വീഥിയിൽ
## ഒരു തിരിഞ്ഞുനോട്ടം

ഡീ. തോമസ് കന്യേക്കോണിൽ

**പൗരോഹിത്യം,** ഈശോയുടെ ഹൃദയത്തിൽ നിന്ന് സഭയിലേയ്ക്ക് ഒഴുകിയിറങ്ങുന്ന വലിയ സ്നേഹത്തിന്റെ അടയാളം. ഈ ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുവാൻ ഏറ്റം അടുത്ത ഒരുക്കം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഹൃദയം നിറയെ നന്ദിയുടെയും സ്നേഹത്തിന്റെയും വികാരങ്ങളാണ് അലതല്ലുന്നത്. ഒന്നാമതായി വിളച്ചവനോട്. കുറവുകളും പോരായ്മകളും ഏറെയുണ്ടെന്നറിഞ്ഞിട്ടും വി. മർക്കോസ് പറയുന്നതുപോലെ ഇഷ്ടപ്പെട്ട് വിളിച്ചതിന്. രണ്ടാമതായി ഈ വലിയ കൃപയെ സ്വീകരിക്കുവാൻ തക്കവിധം ജീവിതത്തെ ക്രമീകരിക്കുവാൻ സഹായിച്ച, ഈ ദൈവിക പദ്ധതിയോട് സഹകരിച്ച ജീവിതങ്ങളോടും പ്രാർത്ഥന കൊണ്ട് സഹായിച്ച ഇടവക സമൂഹത്തോടും.

പിന്നിട്ട വഴികളിലെല്ലാം ദൈവകൃപകൊണ്ട് അലംകൃതമായിരുന്നു. ഓർമ്മയിലുള്ള ആദ്യത്തെ കുർബാനയർപ്പണം സൺഡേസ്കൂൾ പ്രവേശനദിവസം ബഹു. ഫിലിപ്പ് തയ്യിലച്ചന്റേതാണ്. ഒരുപക്ഷേ ദൈവവിളിയുടെ വിത്ത് അന്നെന്റെയുള്ളിൽ വിതയ്ക്കപ്പെട്ടിരിയ്ക്കാം. ഈ വിളിയിലേയ്ക്കുള്ള ആദ്യചുവടുവയ്പ്പും പരസ്യപ്രഖ്യാപനവും നടന്നത് വാഴപ്പള്ളിയിലുള്ള സെന്റ് തെരേസാസിന്റെ പഴയ രണ്ടാംക്ലാസ് മുറിയിൽ വച്ചാണ്. “ആരാകാനാണ് ഇഷ്ടം?” എന്നു ചോദിച്ച കന്യാസ്ത്രീയോട് “എനിയ്ക്കൊരച്ചനാക’ണമെന്ന് മറു



പടി പറഞ്ഞപ്പോൾ "അച്ചനാകാനുള്ള കൊച്ച്" എന്ന് നെറ്റിയിൽ ദൈവം മുദ്രകുത്തിയതുപോലെയായിത്തീർന്നു ജീവിതം. എന്നിൽ നിക്ഷേപിക്കപ്പെട്ട പൗരോഹിത്യവിളിയുടെ വിത്തിനെ വളർത്തുവാൻ ദൈവം നിയോഗിച്ചയച്ച അനേകംപേർ അന്നുമുതൽ ജീവിതത്തിലേയ്ക്ക് കടന്നുവരാനാരംഭിച്ചു. സ്നേഹം നിറഞ്ഞ മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, സ്കൂൾ-സൺഡേസ്കൂൾ അദ്ധ്യാപകർ, കൂട്ടുകാർ, മറ്റു മുതിർന്നവർ എന്നിവരെല്ലാം ഈ കൂട്ടത്തിൽപ്പെടും.

കുടുംബക്കൂട്ടായ്മകളിലെ സജീവ പങ്കാളിത്തം ബഹു. വൈദികരെ അടുത്തറിയാനും അവരുടെ സ്നേഹം ആസ്വദിക്കാനും വഴിയൊരുക്കി. സ്കൂൾ-സൺഡേസ്കൂൾ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും ഒരുപാട് വളർത്തി. KCSL സംഘടനാപ്രവർത്തനവും ക്യാമ്പുകളും സെമിനാരിപരിശീലനകാലത്തും വീട്ടിൽ നിന്ന് മാറി നിൽക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളെ തരണം ചെയ്യുന്നതിന് ദൈവം ഒരുക്കിയ വഴികളായിരുന്നു. ഉയരക്കുറവ് തടസ്സമായിരുന്നതുകൊണ്ട് ലഭ്യമാകാതിരുന്ന അൾത്താരബാലസംഘത്തിലെ അംഗത്വം 7-8 ക്ലാസ്സുകൾക്കിടയിൽ ലഭ്യമായതും അൾത്താരയോട് ചേർന്ന് നിന്ന് ബലിയർപ്പിക്കാൻ സാധിച്ചതുമെല്ലാം വിളിയിൽ വളരാൻ ഏറെ പ്രോത്സാഹനം നൽകി.

10-ാം ക്ലാസ്സ് മുതൽ ദൈവവിളി സെമിനാറുകളിൽ പങ്കെടുക്കാൻ ദൈവം അവസരമൊരുക്കിയിരുന്നു. CssR സഭയിൽ അംഗമാകാൻ കാത്തിരുന്ന എന്നെ +2 പഠനത്തിനുശേഷം പ്രത്യേക ദൈവിക ഇടപെടലുകൾ രൂപതാ മൈനർസെമിനാരിയിലെത്തിച്ചു. ബഹു. ജോസഫ് ചാലാശ്ശേരിയച്ചൻ, ബഹു. സെബാസ്റ്റ്യൻ വലിയപറമ്പിലച്ചൻ, ബഹു. മാത്യു കോക്കാട്ടച്ചൻ, ദൈവസന്നിധിയിലായിരിയ്ക്കുന്ന ബഹു. ജോൺ കുഴിമണ്ണിലച്ചൻ തുടങ്ങിയവരുടെയും നമ്മുടെ ഇടവകക്കാരൻ ബഹു. ജോസ് ഈറ്റോലിന്റെയും സാന്നിധ്യം മൈനർ സെമിനാരി കാലഘട്ടത്തെ അവിസ്മരണീയമാക്കി മാറ്റി. നിരണം മാർത്തോമ്മാ ശ്ലീഹ സെന്ററിൽവച്ച് നടത്തപ്പെട്ട 4th year course സന്തോഷപ്രദമായ നാളുകൾ സമ്മാനിച്ചു. ബഹു. പാലയ്ക്കലച്ചൻ സെമിനാരിയുടെ അമരക്കാരനായിരുന്നെങ്കിലും ബഹു. വലിയപറമ്പിലച്ചനും ബഹു. റ്റോജി പുതിയാപറമ്പിലച്ചനുമാണ് ഞങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നത്.

മേജർ സെമിനാരിയിലേയ്ക്കുള്ള എൻട്രൻസ് എക്സാമിനു ശേഷം അപ്രതീക്ഷിതമായി കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ

സെമിനാരിയിലേയ്ക്ക് ഫിലോസഫി പഠനത്തിന് അയയ്ക്കപ്പെട്ടപ്പോൾ അൽപ്പമൊന്ന് പകച്ചു. കാരണം സിലബസ് അനുസരിച്ചുള്ള പഠനം കുറച്ച് ബുദ്ധിമുട്ടേറിയതായിരുന്നു. തിരിച്ചുപോയി ഏതെങ്കിലും ഡിഗ്രിയെടുത്തശേഷം തിരികെവരാമെന്ന് രണ്ടുവട്ടം ചിന്തിച്ചപ്പോഴും അതല്ല ദൈവഹിതമെന്ന തിരിച്ചറിവും കൂടുതൽ അദ്ധ്വാനിക്കാനുള്ള കൃപയും നൽകി ദൈവം അനുഗ്രഹിച്ചു. അങ്ങനെ 3 വർഷത്തെ തത്വശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി റീജൻസിക്കായി നാട്ടിലെത്തി കല്ലൂപ്പാറയിലെ സെന്റ് ജോസഫ് ഓർഫനേജ്, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് പള്ളി, ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്ഹോം, ചങ്ങനാശ്ശേരി SMYM ഓഫീസ് എന്നിവടങ്ങളിൽ കുറച്ചുകാലം ശുശ്രൂഷ ചെയ്യാൻ ദൈവം അനുഗ്രഹിച്ചു.



റീജൻസിക്കുശേഷം സഭാവസ്ത്രവും തിയോളജി പഠനത്തിന് ഏറെ ആഗ്രഹിച്ച വടവാതൂർ സെമിനാരിയും തന്ന് ദൈവം അനുഗ്രഹിച്ചു. അങ്ങനെ അവസാന മൂന്നര വർഷക്കാലം സഭയുടെ ദൈവശാസ്ത്രനിധിശേഖരത്തെ അടുത്തറിയുവാൻ ദൈവം വഴിയൊരുക്കി. അവസാനം ഈ അവസാനനാളുകളിൽ പൗരോഹിത്യ സ്വീകരണത്തിന് അടുത്ത ഒരുക്കം നടത്തുമ്പോൾ ഏറെ ചാരിതാർത്ഥ്യമുണ്ട്. പിന്നിട്ട വഴികളിലെ ദൈവസാന്നിധ്യവും അനുഭവിച്ച ദൈവികപരിപാലനയുമോർത്ത് നന്ദിയുണ്ട്; അതിന് വഴിയൊരുക്കിയ നിങ്ങളോടെല്ലാം.

സ്നേഹമുള്ളവരേ ഇതുവരെ ഒരുക്കമാണ് നടന്നത്. ഇനിയാണു ജീവിതം. പൗരോഹിത്യത്തിന്റെ വഴി പട്ടുവിരിച്ചതല്ല എന്ന തിരിച്ചറിവുണ്ട്. വിളിച്ചവൻ വിശ്വസ്തനാണെന്നും കലപ്പയിൽ കൈവച്ചിട്ട് തിരിഞ്ഞുനോക്കാൻ പാടില്ല എന്ന ബോധ്യവുമുണ്ട്. ക്രൂശിതനെ കുരിശെടുത്തു അനുഗമിക്കുമ്പോൾ നിങ്ങളുടെ പ്രാർത്ഥന കൂട്ടാകുമെന്നുള്ള പ്രത്യാശയുമുണ്ട്.

ഡിസംബർ 30-ാം തീയതി നടക്കുന്ന തിരുപ്പട്ട സ്വീകരണത്തിലും പരിശുദ്ധ കുർബാനയിലും എല്ലാവരേയും തിരുസന്നിധിയിൽ സമർപ്പിക്കും എന്ന് ഉറപ്പുനൽകിക്കൊണ്ടും അവിടെ നിങ്ങളെല്ലാവരും ഉണ്ടാകും എന്ന വിശ്വാസത്തോടെ...



# ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 50-ാം ചരമവാർഷികാചരണം

ഡോ. ആന്റണി മാത്യൂസ്

**ദൈവദാസൻ** മാർ മാത്യു കാവുകാട്ടുപിതാവിന്റെ 50-ാം ചരമവാർഷികം 2019 ഒക്ടോബർ 1 മുതൽ 9 വരെ തീയതികളിൽ സമുചിതമായി ആചരിക്കുകയുണ്ടായി. 1950 നവംബർ 9-ാം തീയതി റോമിൽവച്ച് കർദ്ദിനാൾ ടിസറാങ്ങിന്റെ കൈവയ്പ് ശുശ്രൂഷവഴി രൂപതയുടെ മെത്രാനായി അഭിഷിക്തനായ പിതാവ് 1959 നവംബർ 29-ാം തീയതി അതിരൂപതയായി ഉയർത്തപ്പെട്ട ചങ്ങനാശ്ശേരിയുടെ പ്രഥമ മെത്രാപ്പോലീത്തയായി ചുമതലയേറ്റു. സ്നേഹചൈതന്യത്തിൽ സേവനം എന്ന മുദ്രാവാക്യം സ്വീകരിച്ച് അതിരൂപതയെ 19 വർഷത്തോളം നയിച്ച, ദൈവത്തേയും ദൈവജനത്തേയും സ്നേഹിച്ച് ശുശ്രൂഷിച്ച കാവുകാട്ടുപിതാവ് അനേകായിരങ്ങളുടെ ഹൃദയത്തിൽ ഇന്നും ജീവിക്കുന്നു. കാവുകാട്ടുപിതാവിന്റെ 50-ാം ചരമവാർഷികാചരണ പരിപാടികൾ താഴെപ്പറയുന്നു.

## തിരുകർമ്മങ്ങൾ, തീർത്ഥാടനങ്ങൾ

2019 ഒക്ടോബർ 1 മുതൽ 9 വരെ ദിവസങ്ങളിൽ അതിരൂപതയിലെ വിവിധ ഫൊറോനകളിലെ വൈദികരുടെ നേതൃത്വത്തിൽ പിതാവി

ന്റെ കബറിടത്തിലേയ്ക്ക് തീർത്ഥാടനങ്ങൾ നടന്നു. തുടർന്ന് കബ റിടപ്പള്ളിയിൽ നടന്ന ആരാധന, വി. കുർബാന, മദ്ധ്യസ്ഥപ്രാർത്ഥന, ഒപ്പീസ് എന്നിവയ്ക്ക് അതത് ഫൊറോനകളിൽ നിന്നുള്ള വൈദി കർ കാർമ്മികരായി. ഒക്ടോബർ 2 ന് പാറേൽ പള്ളിയിൽ നിന്നും ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ തീർത്ഥാടനം നടത്തി. ചരമവാർഷികദിനമായ ഒക്ടോബർ 9 ന് നടന്ന തിരുക്കർമ്മങ്ങൾക്ക് മാർ ജോസഫ് പൗവ്വത്തിൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോർജ് കോച്ചേരി (വത്തിക്കാൻ സ്ഥാനപതി, ബംഗ്ലാദേശ്), വെരി. റവ. ഫാ. ജോസഫ് വാണിയപുരക്കൽ (വികാരി ജനറാൾ), വെരി. റവ. ഫാ. കുര്യൻ താമരശേരി (വികാരി ജനറാൾ, കാഞ്ഞിരപ്പള്ളി), വെരി. റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, വെരി. റവ. ഫാ. തോമസ് പവ്വത്തുപറമ്പിൽ (വികാരി ജനറാൾ, തക്കല), ഫാ. ജോസ് പി. കൊ ട്ടാരം, ഫാ. മാത്യു മറ്റം എന്നിവർ കാർമ്മികത്വം വഹിച്ചു.

മാർ ജോർജ് കോച്ചേരി നേർച്ചഭക്ഷണം വെഞ്ചരിപ്പുകർമ്മം നിർ വ്വഹിച്ചു. നൂറുകണക്കിന് വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ പങ്കെ ടുത്തു.

## സൗജന്യമെഡിക്കൽക്യാമ്പ്

കാവുകാട്ടുപിതാവ് സ്ഥാപിച്ച ചെത്തിപ്പുഴ സെന്റ് തോമസ് ആശു പത്രിയുടെ സഹകരണത്തോടെ 2019 ഒക്ടോബർ 6ന് നവമശതാബ്ദി ഹാളിൽ വച്ച് സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ജനറൽ മെഡിസിൻ, ഹൃദ്രോഗവിഭാഗം, ശ്വാസകോശവിഭാഗം, അസ്ഥിരോ ഗവിഭാഗം, ഇ.എൻ.റ്റി. വിഭാഗം എന്നിവയിൽപ്പെട്ട വിദഗ്ദരായ ഡോ ക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി. ശ്രീ. സി.എഫ്. തോമസ് എം. എൽ.എ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര അദ്ധ്യക്ഷനായിരുന്നു. ശ്രീ. ജോണി കൊല്ലമന (ക്യാമ്പ് കമ്മിറ്റി കൺവീനർ) നന്ദി പ്രകാശിപ്പിച്ചു.

## സിമ്പോസിയം

കാവുകാട്ടുപിതാവിന്റെ ജീവിതവിശുദ്ധി, അജപാലനശൈലി, സാ മൂഹികദർശനം തുടങ്ങിയവ സ്വായത്തമാക്കുന്നതിനായി 2019 ഒക്ടോ ബർ 6-ാം തീയതി 2.30 pm ന് നവമശതാബ്ദി ഹാളിൽ സിമ്പോസിയം സംഘടിപ്പിച്ചു. മൽപാൻ വെരി. റവ. ഡോ. മാത്യു വെള്ളാനിക്കൽ ഉദ്ഘാടനം ചെയ്തു. വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര അദ്ധ്യക്ഷതവഹിച്ചു. പ്രബന്ധങ്ങൾ അവതരിപ്പിച്ചവരും പ്രതികരണ ങ്ങൾ നൽകിയവരും:

1. റവ. ഡോ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ : കാവുകാട്ടുപിതാവിന്റെ ശൈലിയും സാമൂഹികദർശനവും.
2. പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ : കാവുകാട്ടുപിതാവിന്റെ ജീവിതവിശുദ്ധിയും ജീവകാരുണ്യപ്രവർത്തനങ്ങളും.

## പ്രതികരണങ്ങൾ

1. റവ. ഫാ. ജോസ് നിലവന്തറ (പ്രസ്ബിറ്ററി കൗൺസിൽ സെക്രട്ടറി)
2. സി. ഡോ. പ്രസന്ന CMC (പ്രൊവിൻഷ്യൽ)
3. ഡോ. ഡൊമിനിക് ജോസഫ് (15 PC സെക്രട്ടറി)
4. ഡോ. രേഖ മാത്യൂസ് (15 PC ജോ. സെക്രട്ടറി)

റവ. ഫാ. ജോസഫ് പനക്കേഴം മോഡറേറ്ററായിരുന്നു. പ്രാരംഭത്തിൽ നടന്ന പ്രാർത്ഥനാശുശ്രൂഷ ശ്രീ. ആന്റണി മലയിൽ (15 PC Joint Secretary), ശ്രീമതി ലിജി ബാബു എന്നിവർ നയിച്ചു. ഡോ. ആന്റണി മാത്യൂസ് (ജനറൽ കൺവീനർ) സ്വാഗതവും ഡോ. ജെ. ജി. റേ (സിമ്പോസിയം കമ്മറ്റി കൺവീനർ) നന്ദിയും അർപ്പിച്ചു.

## ജീവകാരുണ്യപ്രവർത്തകരുടെ സംഗമം

അഗതികളോടും ആലംബഹീനരോടും പാവപ്പെട്ടവരോടുമുള്ള കരുതലും, എളിയവരിൽ ഈശോയെകണ്ട് സഹായിക്കണമെന്നുള്ള ബോധ്യത്തിൽ ജീവകാരുണ്യരംഗത്തു പ്രവർത്തിക്കുന്നവരെ ആദരിക്കുന്നതിനായി 2019 ഒക്ടോബർ 8-ാം തീയതി 3 മണിക്ക് പാരീഷ്ഹാളിൽ വച്ച് ജീവകാരുണ്യപ്രവർത്തകരുടെ സംഗമം നടത്തി. വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം MG യൂണിവേഴ്സിറ്റി വൈസ്. ചാൻസലർ പ്രൊഫ. ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സന്ദേശം നൽകി. ശ്രീ. പി. യു. തോമസ് വിശിഷ്ടാതിഥിയായിരുന്നു. ജീവകാരുണ്യപ്രവർത്തനരംഗത്ത് വിവിധ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ യോഗത്തിൽ മെമന്റോ നൽകി ആദരിച്ചു. റവ. സി. ഡോ. മാലിനി LSDP (ദൈവപരിപാലന ഭവൻ, കുന്നന്താനം), ശ്രീ. ജോണിക്കുട്ടി തുരുത്തേൽ (സ്നേഹഭവൻ, തലവടി), ശ്രീ. ആന്റണി തോമസ് കാനാറിക്കാവുങ്കൽ (വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെൻട്രൽ യൂണിയൻ പ്രസിഡന്റ്) എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ശ്രീ. ജോയിച്ചൻ പീലിയാനിക്കലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സംഗമത്തിന് ഡോ. ആന്റണി മാത്യൂസ് (ജനറൽ കൺവീനർ) സ്വാഗതവും ശ്രീ. ടോമിച്ചൻ അയ്യരുകുളങ്ങര (സംഗമം കമ്മിറ്റി കൺവീനർ)

കൃതജ്ഞതയും അർപ്പിച്ചു.

## 52 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്നും തക്കല രൂപതയിൽനിന്നുമുള്ള 52 വിദ്യാർത്ഥികൾക്ക് മാർ മാത്യു കാവുകാട്ട് സ്കോളർഷിപ്പ് നൽകി. 5000 രൂപ വീതമുള്ള സ്കോളർഷിപ്പിന് ഡിഗ്രി/ പി.ജി. പഠിക്കുന്ന വിദ്യാർത്ഥികളെ അതതു ഇടവകകളിലെ വികാരിയച്ചന്മാരാണ് കണ്ടെത്തി പേര് നൽകിയത്. സ്കോളർഷിപ്പ് വിതരണവും സന്ദേശവും 2019 ഒക്ടോബർ 9, 2.00 പി.എം.ന് പാരിഷ് ഹാളിൽ വച്ച് നടന്നു. വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര ആമുഖപ്രസംഗം നടത്തി. അമൽ സോണിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗത്തിന് ഡോ. ആന്റണി മാത്യൂസ് (ജനറൽ കൺവീനർ) സ്വാഗതവും ശ്രീ. ജോർജ് വർക്കി (സ്കോളർഷിപ്പ് കമ്മിറ്റി കൺവീനർ) കൃതജ്ഞതയും പറഞ്ഞു. സ്കോളർഷിപ്പ് തുക നൽകി സഹായിച്ച എല്ലാവരോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## ക്വിസ്, പ്രസംഗം, ഉപന്യാസം - മത്സരങ്ങൾ

കാവുകാട്ടുപിതാവിന്റെ ജീവിതദർശനവും സഭാദർശനവും അടുത്തറിയുന്നതിനായി അതിരൂപതയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സൺഡേസ്കൂൾ അധ്യാപകർക്കായി പ്രസംഗമത്സരവും സംഘടിപ്പിച്ചു. 2019 ഒക്ടോബർ 20 ന് നടന്ന മത്സരങ്ങൾ വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം 5000/-, 3500/-, 2000/- തുക വീതം സമ്മാനങ്ങൾ നൽകി. മത്സര കമ്മിറ്റി കൺവീനർമാരായ ജോമ കാട്ടടി, ജോബി തൂമ്പുങ്കൽ എന്നിവർ നേതൃത്വം നൽകി. ക്യാഷ് പ്രൈസ് സ്പോൺസർ ചെയ്ത ദീപിക ഫ്രണ്ട്സ് ക്ലബ് ചങ്ങനാശേരി, പാരിഷ് കൗൺസിൽ അംഗങ്ങൾ, റോയി കടവിൽ, ബെന്നി എഴുത്തുപള്ളിക്കൽ, ജിജി പേരകശ്ശേരി എന്നിവരെ നന്ദിയോടെ ഓർക്കുന്നു. അതിരൂപതയിലെ സിസ്റ്റേഴ്സിനും വൈദികവിദ്യാർത്ഥികൾക്കുമായി നടത്തിയ ഉപന്യാസമത്സരത്തിലെ വിജയികൾക്ക് 2020 ജനുവരി 20 ന് നടക്കുന്ന ഇടവകദിനത്തിൽ വച്ച് സമ്മാനം നൽകുന്നതാണ്.

## കബറിടപ്പള്ളിയിൽ മദ്ധ്യസ്ഥപ്രാർത്ഥന



നമ്മുടെ ഇടവകയിലെ വിവിധ കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ 2019 സെപ്റ്റംബർ 1 മുതൽ 30 വരെ കബറിടപ്പള്ളിയിൽ

മദ്ധ്യസ്ഥപ്രാർത്ഥന നടന്നു. പ്രാർത്ഥനയ്ക്ക് കുടുംബകൂട്ടായ്മ ലീഡർമാർ നേതൃത്വം നൽകി.

**നന്ദിയുടെ ഒരു വാക്ക്**

കാവുകാട്ടുപിതാവിന്റെ 50-ാം ചരമവാർഷികാചരണപരിപാടികൾക്ക് നേതൃത്വം നൽകിയ വികാരി റവ. ഫാ. കുര്യൻ പുത്തൻപുര, ഫാ. മാത്യു മറ്റം (വൈസ് പോസ്റ്റുലേറ്റർ), ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഫാ. ജോസഫ് പുരക്കൽ, ഫാ. വർഗീസ് കിളിയാട്ടുശ്ശേരി, ഡീക്കൻ ജോസഫ് കടവിൽ, സി. ജയിൻ CMC (വൈസ് പോസ്റ്റുലേറ്റർ) വിവിധ കമ്മിറ്റി കൺവീനർമാരായ കുര്യച്ചൻ ഒളശ്ശ, തോമസ് ചെറ്റക്കാട്, റ്റോജോ പടനിലം, ഡോ. ജെ.ജി. റേ, സാജൻ ഫ്രാൻസിസ്, വിന്നി കല്ലുകളം, ജിജി പേരകശ്ശേരി, ജോമ കാട്ടടി, ജോബി തൂമ്പുങ്കൽ, സി. റോസ് മിസ്റ്റിക്ക CMC, സി. ജ്യോതി SABS, റോയി കടവിൽ, ഷാജി വർക്കി, ജോണി കൊല്ലമന, ജോണി കണ്ടങ്കരി, കമ്മിറ്റി അംഗങ്ങൾ, വോളണ്ടിയേഴ്സ്, ദൈവാലയശുശ്രൂഷകർ, ഗായകസംഘങ്ങൾ, അൾത്താരബാലന്മാർ തുടങ്ങി എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.





# ഇടവക വാർത്തകൾ

### കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

- ഡിസംബർ 28 ശനിയാഴ്ച കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ രാവിലെ 7:00 നുള്ള വി. കുർബാനയിൽ മാമ്മോദീസാ സ്വീകരിച്ച കുഞ്ഞുങ്ങളെ കൊണ്ടുവരിക. വി. കുർബാനയിൽ തിരുരക്തം കുട്ടികൾക്ക് നൽകുന്നതാണ്. കുർബാനയെ തുടർന്ന് മധുര പലഹാരങ്ങളും നൽകുന്നു.

### തിരുപ്പട്ടസ്വീകരണം

- ഡീക്കൻ തോമസ് കന്യേക്കോണിലിന്റെ തിരുപ്പട്ട സ്വീകരണവും പരിശുദ്ധ കുർബാനയർപ്പണവും ഡിസംബർ 30 രാവിലെ 9:15 ന്.

### വർഷാവസാന പ്രാർത്ഥന

- ഡിസംബർ 31 ന് 5:00 മണിയുടെ വി. കുർബാനയെ തുടർന്ന് വർഷാവസാന പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും.

### വർഷാരംഭ പ്രാർത്ഥന

- ജനുവരി 1-ാം തീയതി രാവിലെ 5:30 ന് ദിവ്യകാരുണ്യ ആരാധനയും വർഷാരംഭ പ്രാർത്ഥനയും. തുടർന്ന് വി. കുർബാന.

### ദനഹാത്തിരുനാളും പിണ്ടികുത്തി തിരുനാളും

- ജനുവരി 5-ാം തീയതി വൈകുന്നേരത്തെ വി. കുർബാനയെ തുടർന്ന് 6:15 ന് റംശാ, പ്രദക്ഷിണം, പിണ്ടിയിൽ തിരി തെളിയിക്കൽ. കൂട്ടായ്മയുടെ അടിസ്ഥാനത്തിലാണ് പിണ്ടികൾ ക്രമീകരിക്കേണ്ടത്. ആളുകളുടെ പങ്കാളിത്തവും അതിന്റെ ഭംഗിയുമായിരിക്കും സമ്മാനത്തിന് മാനദണ്ഡം.

### മികച്ച കുടുംബക്കൂട്ടായ്മയ്ക്ക് സമ്മാനം

- ഇടവകയിലെ മികച്ച കുടുംബക്കൂട്ടായ്മകൾക്ക് ഇടവക ദിനത്തോടനുബന്ധിച്ച് സമ്മാനം നൽകുന്നു. കുടുംബക്കൂട്ടായ്മാ ലീഡർമാർ തങ്ങളുടെ കൂട്ടായ്മകളുടെ റിപ്പോർട്ട് ബുക്കുകൾ ഡിസംബർ 31 നു മുമ്പ് ഓഫീസിൽ ഏല്പിക്കുക.



**രോഗികൾക്ക് ഭവനങ്ങളിൽ വി. കുർബാന എത്തിക്കുന്നത് മാസത്തിന്റെ രണ്ടാമത്തെ വെള്ളിയാഴ്ചയായിരിക്കും.**



# ജലത്താലും ആത്മാവിനാലും

| | |
|---|---|
| മണിമലപ്പറമ്പിൽ ലിജു - ലാഷാ മകൾ ഏലിയാമ്മ | 09.09.2019 |
| പുതുപ്പറമ്പിൽ ചാക്കോ - സാറാമ്മ മകൻ ജോസഫ് | 10.09. 2019 |
| ഇലമ്പള്ളിൽ ജസ്റ്റിൻ - ബ്രിഡ്ജറ്റ് മകൻ ആന്റണി | 14.09.2019 |
| കൊല്ലവന റോബിൻ - മഞ്ജു മകൻ ആന്റണി | 15.09.2019 |
| കരിങ്ങട സെബാസ്റ്റ്യൻ - മരിയ മകൾ എലീസാ | 21.09.2019 |
| കാവാലം പുതുപ്പറമ്പിൽ ബിലു - ജീനാ മകൻ മാത്യു | 02.10.2019 |
| ഇടശ്ശേരിപ്പറമ്പിൽ പോൾസൺ - ജ്യോതി മകൻ പോൾ | 06.10.2019 |
| മുണ്ടകത്തിൽ വർഗീസ് - ധന്യ മകൾ മരിയാ | - 17.10.2019 |
| പെരുമ്പായിൽ ഷെറിൻ - ജാസ്മിൻ മകൾ എൽസാ | 03.11.2019 |
| പുത്തൻവീട് മാർട്ടിൻ - ബെറ്റി മകൾ അന്നക്കുട്ടി | 16.11.2019 |
| ഇടശ്ശേരിപ്പറമ്പിൽ ആൽബിൻ - തെരേസാ മകൻ ജോസഫ് | 16.11.2019 |
| കൊല്ലവന ജോബിൻ-ജിനോ മകൻ ആന്റണി | 08.09.2019 |
| കല്ലുകളം സിൻജു - അനു മകൾ സിസിലി | 24.11.2019 |
| കല്ലുകളം സെബാസ്റ്റ്യൻ - എലിസബത്ത് മകൻ ജേക്കബ് | 23.11.2019 |
| മണത്തറ ജിയോ - വർഷ മകൻ ഫിലിപ്പ് | 08.09.2019 |
| പുതുശ്ശേരി താരേഷ് - സൗമ്യ മകൾ ലൂസി | 12.09.2019 |
| ചീരംവേലിൽ ബിജോയി - റ്റിറ്റി മകൾ റോസമ്മ | 12.09.2019 |
| ചെട്ടിക്കാട് തോമസ്കുട്ടി - ത്രേസ്യാമ്മ മകൻ ജോസഫ് | 23.09.2019 |
| വട്ടക്കളം ഫ്രാൻസിസ് - റോസാ മകൻ ആന്റണി | 27.10.2019 |



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പീടികയിൽ ജോബ് - ഓമന മകൻ തോമസും ഈ ഇടവക പുലരി മുഹമ്മദ് - റീസാ മകൾ ജെന്നിഫറും തമ്മിലുള്ള വിവാഹം - 09.09.2019
2. ഈ ഇടവക കടന്തോട് ആന്റണി - നിർമ്മല മകൻ ഐസക്കും കാപ്പാട് പള്ളി ഇടവക കളപ്പ റമ്പിൽ എബ്രഹാം - റോസമ്മ മകൾ റോസമ്മയും തമ്മിലുള്ള വിവാഹം - 12.09.2019
3. ഈ ഇടവക ചിങ്ങംപറമ്പിൽ ജോസഫ് - റൂബി മകൻ ജോസഫും എറണാകുളം ഇടവക കിടങ്ങാലിൽ വർഗീസ് - ആശ മകൾ മരിയയും തമ്മിലുള്ള വിവാഹം - 14.09.2019
4. ഈ ഇടവക വട്ടപ്പറമ്പിൽ ജോസ് - സോഫി മകൻ തോമസും പാലോട്ടിൽ ഇടവക നടുപ്പറ മ്പിൽ മാത്യു - ബെറ്റി മകൾ ഗ്രേസും തമ്മിലുള്ള വിവാഹം - 16.09.2019
5. ഈ ഇടവക ചക്കാല റ്റോംസൺ - ഷീലാമ്മ മകൻ തോമസും കടലിക്കാട് വിമലമാതാ പള്ളി ഇടവക മൂലേക്കുടിയിൽ ഇമ്മാനുവേൽ - മേരി മകൾ മേരിയും തമ്മിലുള്ള വിവാഹം - 02.10.19
6. ഈ ഇടവക പാതികാട്ടിൽ തോമസ് - മേഴ്സി മകൻ ജോസഫും പാറേൽ ഇടവക വടക്കുംമുറി ചെറിയാൻ-റെജീന മകൾ അൽഫോൻസയും തമ്മിലുള്ള വിവാഹം - 05.10.2019
7. ഈ ഇടവക പാണാട്ടിൽ ജോജോ - റെജി മകൻ ജോസഫും മരങ്ങാട്ടുപള്ളി ഇടവക പുളിമൂ ട്ടിൽ ജോർജ് - മേമ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 31.10.2019



8. ഈ ഇടവക മനയാനി ജോസഫ് - മറിയാമ്മ മകൻ ജേക്കബും പുളിങ്കുന്ന് ഇടവക മണത്ര ജോസഫ് - റാണി മകൾ മരിയയും തമ്മിലുള്ള വിവാഹം - 09.11.2019
9. ഈ ഇടവക നെടുമുടി ജോസുകുട്ടി - സൂസമ്മ മകൻ തോമസും ചേർപ്പുങ്കൽ പള്ളി ഇടവക വെള്ളാപ്പള്ളിൽ തോമസ് - ത്രേസ്യാമ്മ മകൾ അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം - 21.11.2019
10. ഈ ഇടവക കുളപ്പുറത്ത് റ്റോമി - കൊച്ചുറാണി മകൻ തോമസും പിറവം ഇടവക കരിത്തടത്തിൽ ജോജി - ഷീനാ മകൾ അമിതയും തമ്മിലുള്ള വിവാഹം - 23.11.2019
11. ഈ ഇടവക കല്ലുകണ്ടം ദേവസ്യാ - മേരിക്കുട്ടി മകൻ ജോസഫും കുറിച്ചുമുട്ടം ഇടവക വടക്കേപ്പറമ്പിൽ സാമുവേൽ - ഓമന മകൾ സൗമ്യയും തമ്മിലുള്ള വിവാഹം - 25.11.2019
12. ഈ ഇടവക കല്ലുകളം തോമസ് - ജോമോൾ മകൻ ജോബും റാന്നി ഇടവക പാറപ്പുറം ജോസഫ് - ഓമന മകൾ റോസമ്മയും തമ്മിലുള്ള വിവാഹം - 25.11.2019
13. ഈ ഇടവക കരിങ്ങടപ്പറമ്പിൽ സേവ്യർ - ഫിലോമിനാ മകൻ സെബാസ്റ്റ്യനും ആനിക്കാട് ഇടവക മലക്കിയിൽ സേവ്യർ - ഷെലമ്മ മകൾ മറിയമ്മയും തമ്മിലുള്ള വിവാഹം - 21.09.2019
14. ഈ ഇടവക കൂടത്തിങ്കൽ സണ്ണി - ജെസ്സി മകൻ ജോജോയും പള്ളിക്കൂട്ടുമ്മ ഇടവക കളത്തിൽ ജോസുകുട്ടി - കൊച്ചുറാണി മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 21.10.2019
15. ഈ ഇടവക കളത്തിൽ സണ്ണി - റാണി മകൻ ജോസഫും തോട്ടകം ഇടവക അറയ്ക്കൽ ഗ്രിഗോറിയസ് - തങ്കമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 24.10.2019
16. ഈ ഇടവക കിഴക്കേക്കുറ്റ് സെബാസ്റ്റ്യൻ - റോസമ്മ മകൻ അലക്സും തത്തംപള്ളി ഇടവക പീടികയിൽ ഫ്രാൻസിസ് - ബീനാ മകൾ ഏലീശ്വായും തമ്മിലുള്ള വിവാഹം - 04.11.2019
17. ഈ ഇടവക ചുടുകാട്ടിൽ ജോസഫ് - റോസിലി മകൻ മാത്യുവും തിരുവല്ല ഇടവക പരിയാരത്തിൽ സജി - ജെസ്സി മകൾ ഏലീശ്വായും തമ്മിലുള്ള വിവാഹം- 14.11.2019



# ഉത്ഥിതനോടൊപ്പം

| | |
|---|---|
| മൂലയിൽ റോസമ്മ ജോസഫ് (78 വയസ്) | 02.09.2019 |
| ഇളയച്ചംകളം ഇ.ജെ. വർഗീസ് (91 വയസ്) | 05.09.2019 |
| ഓവേലിൽ മറിയാമ്മ ഫിലിപ്പ് (84 വയസ്) | 14.09.2019 |
| കണ്ടങ്കരി ചിന്നമ്മ തോമസ് (84 വയസ്) | 26.09.2019 |
| മഞ്ചേരിക്കളം മേരിക്കുട്ടി ചാക്കോ (82 വയസ്) | 29.09.2019 |
| പുത്തൻപുരയിൽ പുഷ്പാ ജോർജ് (65 വയസ്) | 11.10.2019 |
| പുല്ലുകാട്ടുപറമ്പിൽ ഏലിയാമ്മ തോമസ് (87 വയസ്) | 13.10.2019 |
| തൂമ്പുങ്കൽ ജോസഫ് റ്റി.ജെ. (77 വയസ്) | 14.10.2019 |
| മണക്കാടത്തപറമ്പ് ജിൻസൺ ജോർജ് (29 വയസ്) | 18.10.2019 |
| പുല്ലുകാട്ട് പി.സി. ജോസഫ്കുഞ്ഞ് (84 വയസ്) | 21.10.2019 |
| മേക്കരശ്ശേരി അന്നമ്മ ജോൺ (71 വയസ്) | 22.10.2019 |
| കുരിശിങ്കൽപറമ്പിൽ കെ.റ്റി. കുര്യാക്കോസ് (91 വയസ്) | 11.11.2019 |
| കടന്തോട് വർഗീസ് ഐസക് (64 വയസ്) | 17.11.2019 |
| പുല്ലുകാട്ട് ബ്രിജീത്താമ്മ എബ്രഹാം (95 വയസ്) | 16.10.2019 |
| കരിങ്ങട കെ.റ്റി. മാത്യു (88 വയസ്) | 28.11.2019 |